# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം .27/2309/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/11/2025
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം .27/2309/2025 തീയ്യതി: 05/11/2025

# മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-06-2024 മുതൽ 19-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അഷ്‌റഫ് പെരുമ്പള്ളി, കെ.എ.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 20-08-2025 | 30-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-08-2025 | 30-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ അബ്ദുൾ ഗഫൂർ സി., ഓഡിറ്റ് ഓഫീസർ
ശ്രീ ഷാജഹാൻ ഖുറൈശി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അമീൻ ഫൈസൽ ടി.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഷീബ പി., ഓഡിറ്റർ
ശ്രീമതി ജസ്ന എം., ഓഡിറ്റർ (25/08/2025 മുതൽ 30/08/2025 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സഊദ ടീച്ചർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ അജയകുമാർ സി കെ | സെക്രട്ടറി | 01-04-2024 | 13-09-2024 |
| ശ്രീമതി സ്മിത ടി ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-09-2024 | 02-10-2024 |
| ശ്രീ. സുഹാസ് ലാൽ എസ് | സെക്രട്ടറി | 03-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സ്മിത ടി ജി | അസി. സെക്രട്ടറി | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ. അരുൺ വി | അസി. എഞ്ചിനീയർ | 29-12-2024 | 13-01-2025 |
| ശ്രീ. സുനിൽ ആർ | അസി. എഞ്ചിനീയർ | 14-01-2025 | 31-03-2025 |
| ശ്രീ. ഡെയ്സൽ സേവ്യർ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. സവിത | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. ബർദീഷ കെ പി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2024 | 31-03-2025 |
| ഡോ. ബൈജു | മെഡിക്കൽ ഓഫീസർ, എച്ച് എഫ് സി | 01-04-2024 | 31-03-2025 |
| ശ്രീമതി. അഥീന ദേവി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ. അയ്യൂബ് ടി | ഡയറി ഓഫീസർ | 01-04-2024 | 10-06-2024 |
| ശ്രീമതി. ഫരീദ | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-05-2024 |
| ഡോ. റോജ നഫ്സത്ത് ഒ.കെ. | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീ. അബ്ദുൽറഊഫ് വി.ടി. | വി.ഇ.ഒ. | 01-01-2024 | 31-03-2025 |
| ശ്രീമതി. അജിന | വി.ഇ.ഒ. | 01-01-2024 | 31-03-2025 |
| ശ്രീ. ലിജിത്ത് എ.രാജ്. | വി.ഇ.ഒ. | 01-01-2024 | 31-03-2025 |
| ശ്രീ. സാദിർ | അസി. എഞ്ചിനീയർ | 20-10-2024 | 28-12-2024 |
| ശ്രീ. പ്രസന്നകുമാർ | അസി. എഞ്ചിനീയർ | 01-04-2024 | 19-10-2024 |
| ശ്രീമതി. സംഗീത ജി | ഡയറി ഓഫീസർ | 11-06-2024 | 13-08-2024 |
| ശ്രീമതി. ദിവ്യ ജി എൻ | ഡയറി ഓഫീസർ | 14-08-2024 | 18-11-2024 |
| ശ്രീമതി. അഞ്ജന എം | ഡയറി ഓഫീസർ | 19-11-2024 | 15-01-2025 |
| ശ്രീ. അയ്യൂബ് ടി | ഡയറി ഓഫീസർ | 16-01-2025 | 01-02-2025 |
| ശ്രീ. മിർഫത് പറമ്പൻ | ഡയറി ഓഫീസർ | 02-02-2025 | 31-03-2025 |
| ശ്രീ. അബ്ദുൽകാസിം | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ഫരീദ | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-2 |
| 4 | റീകൺസിലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്ത വിവരങ്ങളും വാർഷിക കണക്കിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | വാർഷിക കണക്കിൽ നീക്കിയിരിപ്പ്, ചെലവ് ഇനത്തിൽ നെഗറ്റീവ് സംഖ്യകൾ രേഖപ്പെടുത്തിയിരിക്കുന്നു | 1-1-5 |
| 7 | വാർഷിക ധനകാര്യപത്രികയിൽ ദശാംശ സംഖ്യ രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-6 |
| 8 | Directly Debited By Bank ഇനത്തിൽ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-1-7 |
| 9 | ബാങ്കിൽ നിക്ഷേപിച്ച തുക നാളിത് വരെ ക്രെഡിറ്റ് ആയില്ല. | 1-1-8 |
| 10 | Directly Credited By Bank ഇനത്തിൽ തുക ക്രമീകരിക്കാനവശേഷിക്കുന്നു | 1-1-9 |
| 11 | റീകൺസിലിയേഷൻ പത്രികയിൽ പാസ്ബുക്ക്, ബാങ്ക് ബുക്ക് 'എന്നിവ പൊരുത്തപ്പെടുത്താനായി ചേർത്ത ഇനങ്ങൾ ഏതെന്ന് വ്യക്തമല്ല | 1-1-10 |
| 12 | സ്ഥാപനം ഇഷ്യൂ ചെയ്ത് 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-11 |
| 13 | പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-12 |
| 14 | രജിസ്റ്ററുകൾ ഓഡിറ്റിന് കൃത്യത ഉറപ്പ് വരുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല | 1-1-13 |
| 15 | ചെലവുകൾ ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല | 1-1-14 |
| 16 | ബാധ്യതയായി ബുക്ക് ചെയ്ത തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. | 1-1-15 |
| 17 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-16 |
| 18 | പെൻഷൻ ഇനത്തിൽ വിതരണം ചെയ്ത തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-17 |
| 19 | തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-1-18 |
| 20 | ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-19 |
| 21 | Beneficiary Contributions ഇനത്തിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | ക്ഷേമ പെൻഷൻ | 1-7 |
| 28 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 31 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം | 1-11 |
| 32 | ജൽജീവൻ മിഷൻ പദ്ധതി- അവലോകനം | 1-12 |
| 33 | MES Medical College- റെഗുലറൈസേഷൻ/ പെർമിറ്റ് -വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-13 |
| 34 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 35 | വസ്തുനികുതി പിരിച്ചെടുക്കാനവശേഷിക്കുന്നു. | 1-15 |
| 36 | അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-16 |
| 37 | ടർഫുകൾ, സ്വിമ്മിങ് പൂളുകൾക്ക് നമ്പർ നൽകി വസ്തു നികുതി നിശ്ചയിച്ചില്ല | 1-17 |
| 38 | ക്രമീകരിക്കാനവശേഷിക്കുന്ന അഡ്വാൻസുകളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 39 | ദുരിതാശ്വാസ നിധി രൂപീകരിച്ചതിന്റെയും തുടർ നടപടികളുടേയും വിവരം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 40 | ഹോമിയോ മരുന്ന് ലഭ്യമായില്ല | 1-20 |
| 41 | റിജക്റ്റഡ് വേസ്റ്റ് കയറ്റി അയക്കൽ അപാകതകൾ | 1-21 |

| | | |
|---|---|---|
| 42 | ലൈഫ് ഭവന പദ്ധതി പൂർത്തീകരണം സംബന്ധിച്ച് | 1-22 |
| 43 | റെയിൽവേ അണ്ടർ പാസ്സ് നിർമ്മാണം-തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-23 |
| 44 | KMSCL ന് മുൻകൂർ തുക നൽകി- മരുന്ന്, രോഗനിർണ്ണയ ഉപകരണങ്ങൾ എന്നിവ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് | 1-24 |
| 45 | SSK വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 1-25 |
| 46 | തുല്യത കോഴ്സുകളുടെ ഫീ നൽകൽ - വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല | 1-26 |
| 47 | ലോഡ്ജ്/പാരാമെഡിക്കൽ/ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 2024-25 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയില്ല . | 1-27 |
| 48 | രജിസ്ട്രേഷൻ ചെയ്ത പാരാമെഡിക്കൽ/പ്രൈവറ്റ് ഹോസ്പിറ്റൽ/ലോഡ്ജ് സ്ഥാപനങ്ങളിൽ നിന്ന് 2024-25 വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയില്ല | 1-28 |
| 49 | തെരുവ് വിളക്ക് വൈദ്യുതി ചാർജ് - രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-29 |
| 50 | ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 1-30 |
| 51 | GST, IT എന്നീ ഇനങ്ങളിൽ TDS ചെയ്തിട്ടില്ല. | 1-31 |
| 52 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- ഗുണഭോക്താക്കൾക്ക് അർഹമായ തുക നൽകിയിട്ടില്ല | 1-32 |
| 53 | ഫെസ്റ്റിവൽ അഡ്വാൻസ് - പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് | 1-33 |
| 54 | KSEB- ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-34 |
| 55 | കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മറ്റി - വാർഷിക കണക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-35 |
| 56 | വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനം- അപാകതകൾ | 1-36 |
| 57 | അംഗൻവാടി പുനരുദ്ധാരണം - മൂല്യ നിർണ്ണയത്തിൽ അപാകത- അധിക ചെലവ് | 1-37 |
| 58 | വലമ്പൂർ അംഗൻവാടി നവീകരണം - അധികം നൽകിയ തുക തിരിച്ചടവാക്കി. | 1-38 |
| 59 | ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത് - ക്രമവിരുദ്ധം. | 1-39 |
| 60 | പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-40 |
| 61 | 1.69 കോടി രൂപയുടെ മെയ്ന്റനൻസ് ഗ്രാന്റുകൾ ലാപ്സായി. | 1-41 |
| 62 | ഇ ടെണ്ടർ ഫീ- തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. | 1-42 |
| 63 | പ്രവൃത്തികളുടെ മേൽ ഇൻഷൂറൻസ് പരിരക്ഷ എടുക്കുന്നില്ല | 1-43 |
| 64 | കറന്റ് അക്കൗണ്ടിൽ വലിയ തുക നിലനിർത്തുന്നത് പലിശയിനത്തിൽ വരുമാന നഷ്ടത്തിന് കാരണമാകുന്നു. | 1-44 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | ഓഡിറ്റ് വർഷം ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയത് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ തിരിച്ചടവിന്റെ വിവരം | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62 (2) (എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62 (3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ, ക്യാഷ് ഫ്ലോ പത്രിക എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14.7.2025 തീയതിയിലെ 1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 22.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി : 05/11/2025

## 1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ വർഷത്തിൽ ഒരു പ്രാവശ്യമാണ് [Example_ Property Tax (Residential) ജേണൽ നം. 431100101/ 31.03.2025, ) ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-3 റീകൺസിലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

അക്കൗണ്ടുകൾ പ്രതിമാസ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-4 ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്ത വിവരങ്ങളും വാർഷിക കണക്കിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡെപ്പോസിറ്റ് രജിസ്റ്ററിലെ നീക്കിയിരിപ്പ് | വാർഷിക കണക്കിലെ നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| Supplier's EMD | രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല | 62,996 | |
| Bidder's EMD | 38235 | 57235 | |
| Contractor's Retension | രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല | 6,24,430 | |
| Election Deposit | രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല | 1,33,000 | |
| Supplier"S Security Deposit | 214355 | 214355 | രജിസ്റ്ററിൽ 2024-25 കാലയളവിൽ വരവ്, ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംഗ്രഹത്തിൽ ആയത് ഉൾക്കൊള്ളിച്ചിട്ടില്ല. |

## 1-1-5 വാർഷിക കണക്കിൽ നീക്കിയിരിപ്പ്, ചെലവ് ഇനത്തിൽ നെഗറ്റീവ് സംഖ്യകൾ രേഖപ്പെടുത്തിയിരിക്കുന്നു

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-17 പ്രകാരം ക്യാഷ് ഇനത്തിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് നെഗറ്റീവ് സംഖ്യ ആണ്. ഷെഡ്യൂൾ B-11dയിൽ Land For The Waste Processing Plantഇനത്തിൽ 414140101 ശീർഷകത്തിലും നെഗറ്റീവ് സംഖ്യയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-6 വാർഷിക ധനകാര്യപത്രികയിൽ ദശാംശ സംഖ്യ രേഖപ്പെടുത്തിയിരിക്കുന്നു.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ബാലൻസ് ഷീറ്റിൽ 310100101, 310900101, 450210102 എന്നീ ശീർഷകങ്ങളിൽ തുകകൾ ദശാംശ സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-1-7 Directly Debited By Bank ഇനത്തിൽ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു.

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം Directly Debited By Bank ഇനത്തിൽ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു.

| ബാങ്ക് അക്കൗണ്ട് | Directly Debited By Bank ഇനത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | കുറിപ്പ് |
|---|---|---|
| Angadippuram Service Co-Operative Bank 0040201000001608 | 6,86,952 | 2024 ഏപ്രിൽ മുതലുള്ള തുക ക്രമീകരിക്കാനവശേഷിക്കുന്നു |

## 1-1-8 ബാങ്കിൽ നിക്ഷേപിച്ച തുക നാളിത് വരെ ക്രെഡിറ്റ് ആയില്ല.

ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം ബാങ്കിൽ നിക്ഷേപിച്ച ചുവടെ ചേർത്ത തുകകൾ നാളിത് വരെ ക്രെഡിറ്റ് ആയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം. / തീയതി/ തുക |
|---|---|
| Angadippuram Service Co-Operative Bank 0040201000001608 | 1240203167/26.9.2024/8550 |
| SBI E-Pay 67374417908 | 1. 121010900013/12.11.2021/1968<br>2. 121010900011/12.11.2021/4634 |

വിവിധ ഇനങ്ങളിലായി പഞ്ചായത്തിന് ലഭിച്ച ചെക്ക് മുഖേനയുള്ള വരവുകൾ രസീത് നൽകി വരവ് രേഖപ്പെടുത്തിയ ശേഷം കളക്ഷന് നൽകിയതിൽ പണം ലഭിച്ചിട്ടില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. റികൺസിലിയേഷൻ പത്രിക പ്രകാരം വരവ് വരാനുള്ള തുകകൾ ഏതെല്ലാം ആണ് എന്നത് സംബന്ധിച്ച് വിശദ പരിശോധന നടത്തി തുടർനടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-9 Directly Credited By Bank ഇനത്തിൽ തുക ക്രമീകരിക്കാനവശേഷിക്കുന്നു

31.03.2025 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് തുക ക്രെഡിറ്റിൽ വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | Directly Credited By Bank ഇനത്തിൽ ഉൾപ്പെട്ട തുക | കുറിപ്പ് |
|---|---|---|
| Angadippuram Service Co-Operative Bank 0040201000001608 | 3,07,188 | 2024 ജൂൺ മുതലുള്ള തുക അവശേഷിക്കുന്നു. |

പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്ന തുകകൾ കണ്ടെത്തി വരവുകൾക്ക് രസീത് നൽകി കണക്കിൽ ഉൾപ്പെടുത്തേണ്ടതും സ്ഥാപനത്തിന്റേതല്ലാത്ത പണം വരവ് വന്നിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമായിരുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-10 റീകൺസിലിയേഷൻ പത്രികയിൽ പാസ്ബുക്ക്, ബാങ്ക് ബുക്ക് 'എന്നിവ പൊരുത്തപ്പെടുത്താനായി ചേർത്ത ഇനങ്ങൾ ഏതെന്ന് വ്യക്തമല്ല.

1. പഞ്ചായത്തിന്റെ Angadippuram Service Co-Operative Bank 0040201000001608 അക്കൗണ്ടിന്റെ 31.3.2025ലെ റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ Directly Credited By Bank, Directly Debited By Bank, Cheque Issued But Not Presented Into Bank, Cheque Deposited But Not Cleared എന്നീ ഇനങ്ങൾ കൂടാതെ പാസ്ബുക്ക്, ബാങ്ക് ബുക്ക് 'എന്നിവ പൊരുത്തപ്പെടുത്താനായി 'Less Cash Or Cheque Deposited ' എന്ന ഇനത്തിൽ 6250 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.
2. പഞ്ചായത്തിന്റെ Angadippuram Service Co-Operative Bank 0040201000001608 അക്കൗണ്ടിന്റെ 31.3.2025ലെ റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ Directly Credited By Bank, Directly Debited By Bank, Cheque Issued But Not Presented Into Bank, Cheque Deposited But Not Cleared എന്നീ ഇനങ്ങൾ കൂടാതെ പാസ്ബുക്ക്, ബാങ്ക് ബുക്ക് 'എന്നിവ പൊരുത്തപ്പെടുത്താനായി 'Add Cash Or Cheque Withdrawal ' എന്ന ഇനത്തിൽ 2,23,234 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-1-11 സ്ഥാപനം ഇഷ്യൂ ചെയ്ത് 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം സ്ഥാപനം ഇഷ്യൂ ചെയ്ത് 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം. / തീയതി | തുക |
|---|---|---|
| Angadippuram Service Co-Operative Bank 0040201000001608 | 1. 22400418/ 13.9.24./ 5000<br>2. 22400113/ 12.6.24./ 500<br>3. 22400264/ 31.7.24./ 2300<br>4. 22400187/ 10.7.24./ 180<br>5. 22400451/ 30.9.24./ 2580 | 2024 ജൂൺ മുതലുള്ള തുക ക്രമീകരിക്കാനവശേഷിക്കുന്നു |

## 1-1-12 പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ചുവടെ ചേർത്ത അക്കൗണ്ടുകളുടെ 31.3.2025ലെ പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ |
|---|---|
| 1 | Kerala Gramin Bank 40384101000609 |
| 2 | Canara Bank 110058111668 |
| 3 | HDFC 50200085207846 |
| 4 | LGTSB 799013000001148 |

## 1-1-13 രജിസ്റ്ററുകൾ ഓഡിറ്റിന് കൃത്യത ഉറപ്പ് വരുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല

ചുവടെപ്പറയുന്ന രജിസ്റ്ററുകൾ ഹാജരാക്കാത്തതിനാൽ / ഓഡിറ്റിന് കൃത്യത ഉറപ്പ് വരുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല.

. അഡ്വാൻസ് രജിസ്റ്റർ
. ലോൺ രജിസ്റ്റർ
. ഡെപ്പോസിറ്റ് രജിസ്റ്റർ
. പെർമിറ്റ് രജിസ്റ്റർ
. അഡ്വാൻസ് രജിസ്റ്റർ
. ആസ്തി രജിസ്റ്റർ

## 1-1-14 ചെലവുകൾ ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല.

തൻവർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി KSEBയിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയത് Advance To KSEB എന്ന ഹെഡിൽ വാർഷിക കണക്കിൽ RP-49 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-15 ബാധ്യതയായി ബുക്ക് ചെയ്ത തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

B-4ഷെഡ്യൂളിൽ ബാധ്യതയായി 68,601,200 രൂപ ബുക്ക് ചെയ്തിട്ടുണ്ട്. എന്നാൽ സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾക്ക് പ്രത്യേകം എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

## 1-1-16 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (41393300/-) ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവും (37575089/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-17 പെൻഷൻ ഇനത്തിൽ വിതരണം ചെയ്ത തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ വിതരണം ചെയ്ത തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-18 തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള തുകകളുടെ (B-11 A ഷെഡ്യൂൾ) കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 1-1-19 ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

B-12 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ 1000 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-20 Beneficiary Contributions ഇനത്തിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contributions ഇനത്തിൽ 7,25,139 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആയത് ഏതെല്ലാം പ്രൊജക്കുകൾ പ്രകാരമുള്ള തുകയാണെന്നും ചെലവഴിക്കാത്തതിനുള്ള കാരണവും വ്യക്തമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

| 2024-25ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2024-25ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/09.02.2024 | 1(1)/12.02.2025 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 102902080.36 |
| വരവ് | 183133993 |
| ആകെ | 286036073.36 |
| ചെലവ് | 145558904 |
| നീക്കിയിരിപ്പ് | 140477169.36 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 42280039 | 42280039 | 40159836 | 2120203 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10491746 | 10491746 | 10491373 | 373 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 57298000 | 57298000 | 42268770 | 15029230 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6954000 | 6954000 | 4995098 | 1958902 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 23185680 | 23185680 | 6166144 | 17019536 |
| സെൻട്രൽ ഫിനാൻസ് | 0 | 7802647 | 7802647 | 4394633 | 3408014 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് - Un Tied | | | | | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 557 | 418699319 | 356 | 163650429 | 177 | 24 | 63.91 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2662 | 1126806 | 1129468 | 1018363 | 111105 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18193211 | 18193211 | 18193211 | 0 |

## 1-7 ക്ഷേമ പെൻഷൻ

| | | |
|---|---|---|
| കർഷക തൊഴിലാളി വേതനം | 7379200 | 466 |
| വിധവാപെൻഷൻ | 36303100 | 2379 |
| വാർദ്ധക്യകാലപെൻഷൻ | 56405900 | 3963 |
| വികലാംഗപെൻഷൻ | 11003900 | 722 |
| വിവാഹ ധനസഹായം | 360000 | 12 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2931400 | 194 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.2025ന് 2.25PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,204/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കുറവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.
2. മുൻകാലങ്ങളിലെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
3. മാസ്റ്റർ ഇൻക്യുബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/1/2023 | 1/12/2022 മുതൽ 31/12/2023 | 23/1/2023 |
| എ.ജി ഓഡിറ്റ് | 02/02/2015 | 2009-10 മുതൽ 2013-14 വരെ | 16/03/2015 |

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം

ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 01/20-08-2025 ന് മറുപടിയായി സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു -

പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2021-22 ൽ അനുവദിച്ച ഹെൽത്ത് ഗ്രാന്റ്, അവാർഡ് കാലയളവിൽ (2021-2026) 6 സ്കീമുകളിലായി നടപ്പാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് ലഭിച്ചു തുടങ്ങിയത് 2022-23 വർഷം മുതലാണ്. ഗ്രാമ പഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്.

| | |
|---|---|
| സ്കീം-1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമിക്കുവാൻ സഹായം |
| | |

| | |
|---|---|
| സ്കീം-3 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| സ്കീം-4 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |

2022-23 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ **ലഭിച്ച** ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു -

| വർഷം | സ്കീം -1<br>Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | സ്കീം - 3<br>Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHC | സ്കീം - 4<br>Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | NIL | NIL | NIL | NIL |
| 2022-23 | NIL | 321305 | 190000 | 511305 |
| 2023-24 | NIL | 1528000 | 602000 | 2130000 |
| 2024-25 | NIL | 638000 | 659000 | 1297000 |
| ആകെ | NIL | 2487305 | 1451000 | 39,38,305 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ **ചെലവഴിച്ച** തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | NIL | NIL | NIL | NIL |
| 2022-23 | NIL | 63261 | NIL | 63261 |
| 2023-24 | NIL | 185708 | 307189 | 492897 |
| 2024-25 | NIL | 659018 | 329590 | 988608 |
| ആകെ | | 907987 | 636779 | 1544766 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ **നീക്കിയിരിപ്പുള്ള** തുകയുടെ വിവരങ്ങൾ -

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2024-25 (പലിശ ഉൾപ്പടെ) | NIL | 1662348 | 1145799 | 2808147 |

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരു വിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2022-23 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (S0309/2023) | 63261 |
| 2023-24 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (S0372/2024) | 122558 |
| 2023-24 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (S0405/2024) | 63150 |
| 2023-24 | ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങളാക്കി ഉയർത്തൽ (S0371/2024) | 118594 |
| 2023-24 | കുടുംബാരോഗ്യ കേന്ദ്രങ്ങളെയും ഉപകേന്ദ്രങ്ങളെയും ജനകീയാരോഗ്യ കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള സാമ്പത്തിക സഹായം (S0406/2024) | 188595 |
| 2024-25 | കുടുംബാരോഗ്യ കേന്ദ്രങ്ങളെയും ഉപകേന്ദ്രങ്ങളെയും ജനകീയാരോഗ്യ കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള സാമ്പത്തിക സഹായം (S0582/2025) | 329590 |
| 2024-25 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (S0581/2025) | 528089 |
| 2024-25 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (S0580/2025) | 130929 |

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

ഇല്ല.

മൂന്നു വർഷങ്ങളിലായി ലഭിച്ച ആകെ തുകയുടെ 39% തുക മാത്രമാണ് ചെലവഴിച്ചിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് കൂടാതെ ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ വികസന ഫണ്ടുകൾ, എൻ.എച്ച്.എം ഫണ്ട്, എച്ച്.എം.സി ഫണ്ട് , മറ്റ് ഫണ്ടുകൾ എന്നിവ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണ്. ഹെൽത്ത് ഗ്രാന്റിൽ അവശേഷിക്കുന്ന 28,08,147 രൂപ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ജൽജീവൻ മിഷൻ പദ്ധതി- അവലോകനം

2024 വർഷത്തോടു കൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുറഞ്ഞ ചെലവിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ 15% ഗ്രാമപഞ്ചായത്തും 10% ഗുണഭോക്താക്കളും വഹിക്കുന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് , ജലനിധി എന്നിവയിലേതെങ്കിലും ഒരു നിർവ്വഹണ ഏജൻസിയെ അതാത് ഗ്രാമ പഞ്ചായത്തിന് തെരെഞ്ഞെടുക്കാവുന്നതാണ്. പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും നിർവ്വഹണ ഏജൻസിക്കു കൈമാറി പദ്ധതി പ്രകാരമുള്ള വ്യക്തിഗത കണക്ഷനുകൾ ലഭ്യമാക്കാവുന്നതാണ്.

ഗ്രാമ പഞ്ചായത്ത് കേരള വാട്ടർ അതാറിറ്റി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 03/20-08-25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിലെ വിവരങ്ങൾ താഴെ കൊടുക്കുന്നു -

1) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് നാളിതു വരെ തുകയൊന്നും കൈമാറിയിട്ടില്ല.

2) ജൽജീവൻ മിഷൻ പദ്ധതിക്കായി ഭൂമി വാങ്ങുന്നതിന് 2022-23 വർഷം ഗ്രാമപഞ്ചായത്ത് 23,25,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമിനത്തിൽ 8,05,000 രൂപ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ആയത് നിർവ്വഹണ ഏജൻസിക്കു കൈമാറിയിട്ടില്ല. പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് തന്നെ തിരികെ നൽകി എന്നാണ് അറിയിച്ചത്. എന്നാൽ ആയതിന്റെ രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച താഴെപ്പറയുന്ന റോഡുകൾ കേരള വാട്ടർ അതോറിറ്റി ഭാഗികമായി പുനരുദ്ധാരണംനടത്തിയിട്ടുണ്ട് –

അറിപ്ര- മണ്ണാറമ്പ് റോഡ്
പുഴക്കാട്ടിരി- തവളേങ്ങൾ റോഡ്
ആശാരിപ്പടി – പാറപ്പറമ്പ് റോഡ്

ജലജീവൻ മിഷൻ നിർമ്മാണപ്രവൃത്തിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 29 കിലോ മീറ്ററോളം റോഡുകൾ തകർന്നത് പുനർനിർമ്മിക്കുന്നതിന് ഫണ്ട് ആവശ്യപ്പെട്ട് 12/12/2023 ലെ 2(1)-ാം നമ്പർ ഭരണസമിതി തീരുമാനം പ്രകാരം സർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## 1-13 MES Medical College- റെഗുലറൈസേഷൻ/ പെർമിറ്റ് -വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

16.1.2024ലെ 400889/BPMH03/GPO/2024/653 നമ്പർ അപേക്ഷ പ്രകാരം General Secretary K K Kunjumoideen , Muslim Educational Society, Malaparamba എന്നവർ അങ്ങാടിപ്പുറം വില്ലേജിലും പുഴക്കാട്ടിരി വില്ലേജിലും ഉൾപ്പെട്ട 217688.50 ച.മീ. സ്ഥലത്ത് നിലവിൽ പ്രവർത്തിച്ച് വരുന്ന MES ആശുപത്രിക്കെട്ടിടത്തിലും അനുബന്ധ കെട്ടിടങ്ങളിലും നടത്തിയ കൂട്ടിച്ചേർക്കലുകൾ ക്രമവൽക്കരിക്കുന്നതിനും പുതിയ കെട്ടിട നിർമാണങ്ങൾക്ക് അനുമതിക്കുമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത അപേക്ഷയുടെ നോട്ട് ഫയലിൽ ഖണ്ഡിക 14 ൽ സെക്ഷൻ ക്ലർക്ക് 16.8.2024ന് ചുവടെ ചേർത്ത കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ട് (ക്രമ നമ്പർ 7 & ക്രമ നമ്പർ 8 പ്രകാരം)

1. ക്രമ നമ്പർ 7 . 23.3.2015ലെ CTP (Vig)/126/2015 പ്രകാരം LSGD Town Planner (Vigilance) അനധികൃത നിർമാണം ഉള്ളതായി അറിയിച്ചിട്ടുള്ളതും ആയത് സംബന്ധിച്ച് താഴെ പറയുന്ന കേസുകൾ നിലവിൽ ഉണ്ടായിരുന്നതും നിലവിൽ തീർപ്പായിട്ടുള്ളതാണോ എന്നതിൽ വ്യക്തത ഉള്ളതല്ല. ആയത് സംബന്ധിച്ച നിയമോപദേശം തേടുന്നത് അഭികാമ്യമായി കാണുന്നു

   1) 12922/2017 (കേരള ഹൈക്കോടതി)

   2)452/ 2017 (Tribunal For LSGI)

   3)25284/2021 (കേരള ഹൈക്കോടതി)

2. ക്രമ നമ്പർ 8. 2018-19ലെ ഓഡിറ്റ് റിപ്പോർട്ട് പാര 1-12പ്രകാരം ടി കെട്ടിടങ്ങൾ ക്രമവിരുദ്ധമായി ക്രമവൽക്കരിച്ചതിന് ഓഡിറ്റ് ഒബ്ജക്ഷൻ നിലവിലുള്ളതാണ്. ആയത് പ്രകാരം 3057495 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ഫയലിലെ മേൽ കുറിപ്പുകളുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള ഓഡിറ്റ് പമാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) ക്രമ നമ്പർ 1 പ്രകാരമുള്ള കേസുകളുടെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) കെട്ടിടങ്ങൾ ക്രമവൽക്കരിച്ച സംഗതിയിൽ മേൽ കേസുകളുടെ വിധി/ നിലവിലെ സ്ഥിതി പരിഗണിച്ചിട്ടുണ്ടോ.

3) റെഗുലറൈസ് ചെയ്ത പല കെട്ടിടങ്ങളും അശുപത്രിയുടെ ആവശ്യങ്ങൾക്ക് വേണ്ടി വർഷങ്ങളായി ഉപയോഗിച്ച് വരുന്നതാണെന്ന് 23.3.2015ലെ CTP (Vig)/126/2015 പ്രകാരം LSGD Town Planner (Vigilance), 2018-19ലെ ഓഡിറ്റ് റിപ്പോർട്ട് പാര 1-12 എന്നിവ പ്രകാരം വ്യക്തമാണ്.

നിയമാനുസൃതമല്ലാത്തതും ഉപയോഗിച്ച് കൊണ്ടിരിക്കുന്നതുമായ കെട്ടിടങ്ങൾ പൊളിച്ചു കളയുന്നത് വരെയോ, നിമാനുസൃതം റെഗുലറൈസ് ചെയ്യുന്നത് വരെയോ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA, 2011-ലെ കേരള

പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും ചർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടുണ്ടോ. ഉണ്ടെങ്കിൽ ആയതിന്റെ വിവരവും, ഇല്ലെങ്കിൽ വസ്തു നികുതി ഇനത്തിൽ തുക ഈടാക്കാത്തതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്.

4) റെഗുലറൈസേഷൻ ആയതിനാലും കേസുകൾ, ഓഡിറ്റ് പരാമർശങ്ങൾ നില നിൽക്കുന്നതിനാലും കെട്ടിടങ്ങൾ നിലവിൽ ഉപയോഗിച്ച് വരുന്നതാണോ എന്ന് പരിശോധിക്കേണ്ട ഉത്തരവാദിത്വം സെക്രട്ടറിക്ക് ഉണ്ടായിരുന്നു എന്ന് കാണുന്നു, എന്നാൽ സൈറ്റ് പരിശോധന നടത്തിയിട്ടില്ലെന്നും, അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നു എന്നും ഫയലിൽ രേഖപ്പെടുത്തിയാണ് റെഗുലറൈസേഷൻ/ പെർമിറ്റ് അനുവദിച്ചിട്ടുള്ളത് (നോട്ട് ഫയൽ - ഖണ്ഡിക 22 തിയ്യതി 12.09.2024- ശ്രീ. അജയകുമാർ സി.കെ,സെക്രട്ടറി).

ഓഡിറ്റ് പരാമർശങ്ങൾക്ക് (1 To 4) വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 45/30.8.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204, 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ പഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അടവാക്കാൻ അവശേഷിക്കുന്ന അർദ്ധ വർഷം |
|---|---|---|
| 1 | Post Office Puthanangadi | 2024-25 -I&II Half |
| 2 | Mark Motors Angadipuram | 2024-25-I&II Half |
| 3 | Anwar English School | 2024-25 -I&II Half |
| 4 | Post Office Aripra | 2024-25 -I&II Half |
| 5 | Danakodi Chitts Pvt Ltd | 2024-25 -I&II Half |
| 5 | Post Office Pariyapuram | 2024-25 -II Half |
| 6 | Heal Bay Polyclinic | 2024-25 -II Half |
| 7 | Elight Dental Studio Puthanangadi | 2024-25 -I&II Half |
| 8 | Wood Pecker Interiors | 2024-25 -I&II Half |
| 9 | Dezone Group Of Institutions | 2024-25 -I&II Half |
| 10 | AGPM Clinic | 2024-25-I&II Half |
| 11 | Noble Auto Agency | 2024-25 -I&II Half |
| 12 | Chethans Medicalements | 2024-25 -I Half |
| 13 | Al Fathah Scool, Vazhippara | 2024-25 -I Half |
| 14 | Delhivery | 2024-25 -I Half |
| 15 | Pragathy Motors | 2024-25-I Half |
| 16 | Public Work Contractors | 2024-25-I&II Half |
| 17 | PNY Sabha | 2024-25-I&II Half |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ഈടാക്കിയിട്ടില്ലെങ്കിൽ ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 5/22.8.2025) മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കിയിട്ടും നാളിതുവരെയായി തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി പിരിച്ചെടുക്കാനവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-15 പ്രകാരം വസ്തുനികുതി ഇനത്തിൽ ചുവടെ ചേർത്ത പ്രകാരം തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | Property Tax On Residential Buildings (Current) | 11,30,960 |
| | | |

| | | |
|---|---|---|
| 2 | Property Tax On Residential Buildings (Arrears) | 4,84,259 |
| 3 | Property Tax On Non-Residential Buildings (Current) | 12,50,597 |
| 4 | Property Tax On Non-Residential Buildings (Arrears) | 6,52,041 |
| Total | | 35, 17, 857 |

കുടിശ്ശിക പിരിച്ചെടുക്കാൻ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 11/26.8.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക പിരിച്ചെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ആയത് പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യകതമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും സംബന്ധിച്ച രേഖകളും വിവരങ്ങളും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 25/29.8.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. . ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ട രേഖകളും വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-17 ടർഫുകൾ, സ്വിമ്മിങ് പൂളുകൾക്ക് നമ്പർ നൽകി വസ്തു നികുതി നിശ്ചയിച്ചില്ല

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023 തീയതിയിലെ സ.ഉ.(അച്ചടി) നം. 25/2023/ത.സ്വ.ഭ.വ. പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച അന്തിമ വിജ്ഞാപന പ്രകാരം ടർഫുകൾ, സ്വിമ്മിങ് പൂളുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവമുള്ളവ)' എന്ന വിഭാഗത്തിൽപ്പെടുന്ന നിർമ്മാണങ്ങൾക്ക് ച.മീറ്ററിന് 25/- രൂപ എന്ന നിരക്കിൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയുടെ വസ്തുനികുതി വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 6/22.8.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ 'Seven's Football Turf അങ്ങാടിപ്പുറം, Goal Town Turf വലമ്പൂർ, Olympia Turf പുത്തനങ്ങാടി തുടങ്ങിയ ടർഫുകൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ ടർഫുകൾക്കും സ്വിമ്മിങ് പൂളുകൾക്കും കെട്ടിട നമ്പർ നൽകി ചട്ട പ്രകാരമുള്ള വസ്തു നികുതി ബാധകമാക്കേണ്ടതാണ്. മേൽ വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് വസ്തുനികുതി ചുമത്തി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 ക്രമീകരിക്കാനവശേഷിക്കുന്ന അഡ്വാൻസുകളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം ചുവടെ ചേർത്തയിനങ്ങളിൽ അഡ്വാൻസ് ക്രമീകരിക്കാനവശേഷിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | ക്രമീകരിക്കാനവശേഷിക്കുന്ന തുക |
|---|---|---|
| 1 | Festival Advance | 8,000 |
| 2 | Other Advances | 64,850 |
| | | |

| | | |
|---|---|---|
| 3 | Advance To Kerala Water Authority | 13,23,577 |
| 4 | Advance To Kerala Electricity Board | 39,99,488 |
| 5 | Advance To Ground Water Department | 34,320 |
| 6 | Advance To Implementing Officers | 57,31,412 |
| 7 | Advance To Gramalakshmi Mudralayam | 38,393 |
| 8 | Advance To NREGA Administrative Expense | 19,01,191 |
| 9 | Advance To Others | 4,91,182 |
| Total | | 1, 35,92,413 |

മേൽ അഡ്വാൻസുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും Kerala Water Authority, Kerala State Electricity Board, Ground Water Department എന്നിവയ്ക്ക് നൽകിയ തുകകളിൽ ക്രമീകരിക്കാനവശേഷിക്കുന്ന തുകകൾ ഏതെല്ലാം പ്രൊജക്ടുകൾ പ്രകാരം കൈമാറിയ തുകയാണെന്നും പ്രസ്തുത പ്രൊജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ടോ ഇല്ലയോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 14/26.8.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 ദുരിതാശ്വാസ നിധി രൂപീകരിച്ചതിന്റെയും തുടർ നടപടികളുടേയും വിവരം ലഭ്യമാക്കേണ്ടതാണ്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ സെക്ഷൻ 3 (1) പ്രകാരം പേമാരി, വെള്ളപൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ചട്ടത്തിലെ ചട്ടം 3(2) അനുസരിച്ച് ഈ ഫണ്ടിലേക്ക് ധനസമാഹരണാർത്ഥം കലാ, കായിക, വിനോദ പരിപാടികൾ, സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ചട്ടം 4 (1) പ്രകാരം ഈ നിധിയിൽ നിന്നും അതാത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ഒരു വ്യക്തിക്ക് അല്ലെങ്കിൽ അയാളുടെ കുടുംബത്തിന് ധനസഹായം നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 23-08-2024ലെ 12(1)-ാം നമ്പർ തീരുമാന പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/29-08-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 ഹോമിയോ മരുന്ന് ലഭ്യമായില്ല

2024-25ൽ മെഡിക്കൽഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യാഗസ്ഥനായി നടപ്പിലാക്കിയ MG-Non Road ഫണ്ട് വകയിരുത്തി ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി (പ്രൊജക്ട് നം. 24/25) 200000 രൂപ കേരള സ്റ്റേറ്റ് ഹോമിയോ പൊതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട് (ബിൽ നം.24150352038561170592/4.1.25) Proforma Invoice No.971/27.12.24) .എന്നാൽ 94773 രൂപയുടെ മരുന്ന് ലഭ്യമായതിന്റെ വിവരം മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത് (Invoice No.LF-3022/19.3.25 ) ബാക്കി 105227 രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ് . (മരുന്ന് ലഭ്യമായിട്ടുണ്ടങ്കിൽ വിവരം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.4/21.8.2025 നല്കിയതിന് മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി).

## 1-21 റിജക്ടഡ് വേസ്റ്റ് കയറ്റി അയക്കൽ അപാകതകൾ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ റിജക്ടഡ് വേസ്റ്റ് കയറ്റി അയക്കൽ തുക നൽകൽ എന്ന പദ്ധതി പരിശോധിച്ചതിൽ അപാകതകൾ ചുവടെ കൊടുക്കുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 47/25 അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള തുക നൽകൽ |
| അടങ്കൽ | 1500000 /-(ധനകാര്യ കമ്മീഷൻ അവാർഡ്)<br>1500000/ തനത് ഫണ്ട് |
| ചെലവ് | 1220693/- (വൗച്ചർ നമ്പർ 224000450/30.9.24)<br>387406/-(വൗച്ചർ നമ്പർ 22400835/25.2.2025)<br>13607/- (വൗച്ചർ നമ്പർ 22400915/25.2.2025) |
| ആകെ | 1621706 |

യൂണിവേഴസൽ ബയോഗ്യാസ് കോഴിക്കോട് എന്ന സ്ഥാപനം സമർപ്പിച്ച ചുവടെ ചേർത്ത ബില്ലുകൾ പ്രകാരം അജൈവ മാലിന്യങ്ങൾ കൊണ്ട് പോയതിന് താഴെ പറയും പ്രകാരവും.

| നം | ഇനൻവോയ്സ് നം.തി. | തൂക്കം | റേറ്റ് | തുക |
|---|---|---|---|---|
| 1 | B2B/004/24-25 തി.16.8.24 | 22735 Kg (Packed Waste) | 5.8/Kg | 131863 |
| 2 | B2B/003/24-25 തി.8.8.24 | 43335 Kg (Packed Waste) | 5.8 /Kg | 251343 |

| | | | | |
|---|---|---|---|---|
| 3 | B2B/007/24-25 തി.22.8.24 | 46980 Kg (Un Packed Waste) | 6.9/Kg | 324162 |
| 4 | B2B/005/24-25 തി.19.8.24 | 35665 Kg (Un Packed Waste) | 6.9/Kg | 246088 |
| 5 | B2B/006/24-25 തി.19.8.24 | 38730Kg (Un Packed Waste) | 6.9/Kg | 267237 |
| | ആകെ | | | 1220693 |

DJS Eco Friendly Solutions Pokkotur എന്ന സ്ഥാപനത്തിന് Rejected Waste കൊണ്ട് പോയതിന് 401013 (387406+13607 IT) രൂപയും സ്ഥാപനം നൽകിയ കത്ത്/Weighing Certificate എന്നിവയുടെ അടിസ്ഥാനത്തിലും നൽകിയിട്ടുണ്ട്.

അപാകതകൾ

1. യൂണിവേഴസൽ ബയോഗ്യാസ് കോഴിക്കോട് സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരമുള്ള തുക അനുവദിച്ചതല്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥനോ ചുമതലയുള്ള മറ്റു ജീവനക്കാരാരെങ്കിലുമോ സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരമുള്ള തൂക്കം തന്നെയാണോ യഥാർത്ഥ റിജക്റ്റഡ് വേസ്റ്റിന്റെ തൂക്കം എന്ന് ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല, റിജക്റ്റഡ് വേസ്റ്റിന്റെ തൂക്കം രേഖപ്പെടുത്തുന്ന സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാനിധ്യം ഉറപ്പുവരുത്തുകയോ, അളവ് രേഖപ്പെടുത്തിയത് സാക്ഷ്യപ്പെടുത്തുകയോ ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തി സ്ഥാപനം സമർപ്പിക്കുന്ന ബില്ലുമായി ഒത്ത്നോക്കി തുക അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല.

2. യൂണിവേഴസൽ ബയോഗ്യാസ് കോഴിക്കോട് എന്ന സ്ഥാപനവുമായി 3.1.2004 ൽ വെച്ച എഗ്രിമെന്റിലെ വ്യവസ്ഥ 13 പ്രകാരം റിജക്ടഡ് വേസ്റ്റ് ചെയ്യുന്ന വാഹനങ്ങളിൽ നിർബന്ധമായും ജി.പി.എസ് ട്രാക്കിംഗ് സിസ്റ്റം ഘടിപ്പിക്കേണ്ടതാണെന്നും അതിന്റെ ട്രാക്കിംഗ് ID അടക്കം രേഖാമൂലം ഓഫീസിൽ എത്തിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.എന്നാൽ ആയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

3. DJS Eco Friendly Solutions Pokkotur ന്റെ ഇൻവോയ്സ് ഫയലിൽ ഇല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ-13/26.8.25 ട്രാക്കിംഗ് ID പിന്നീട് ഹാജരാക്കുന്നതാണെന്നും തൂക്കം ചുമതലപ്പെട്ട HI പരിശോധിക്കാറുണ്ടെന്നും മറുപടി ലഭ്യമാക്കി .എന്നാൽ തൂക്കം HI സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കുകയോ DJS Eco Friendly Solutions Pokkotur ന്റെ ഇൻവോയ്സ് ഹാജരാക്കുകയോ ചെയ്തില്ല. ഇൻവോയ്സ് ഹാജരാക്കേണ്ടതും മറ്റ് അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 ലൈഫ് ഭവന പദ്ധതി പൂർത്തീകരണം സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിക്കായി ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതുവരെ തുടർ ഗഡുക്കൾ കൈപ്പറ്റുകയും ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടില്ല.

| ഗുണഭോക്താവിന്റെ പേര്<br>മേൽവിലാസം | ആദ്യഗഡു അനുവദിച്ച വർഷം | തിയ്യതി | ആദ്യഗഡു |
|---|---|---|---|
| സുബൈദ<br>ഒറ്റകത്ത് വീട്<br>ചെരക്കാപറമ്പ് പി ഒ<br>വാർഡ് 21 | 2020-21 | 11.2.21 | 40000 |
| സജിന ടി<br>തട്ടാരക്കാട്ടിൽ<br>അങ്ങാടിപ്പുറം<br>വാർഡ് 15 | 2020-21 | 11.2.21 | 40000 |
| ഓമന<br>അമ്പലപ്പറമ്പിൽ ഹൗസ്<br>അങ്ങാടിപ്പുറം<br>വാർഡ് 13 | 2020-21 | 10.1.21 | 40000 |

ഗുണഭോക്താക്കാൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് മുൻ റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ്.ആയതിന്റെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 26/28.8.25 നൽകിയതിന് ശ്രീമതി ഓമന,ശ്രീമതി സുബൈദ എന്നവർ മരണപ്പെട്ടു എന്നും ശ്രീമതി സജിന ടി എന്നിവർ ബാക്കി പണികൾ പൂർത്തീകരിക്കാത്തതിനാൽ തുകൽകാത്തത് എന്നും പണിപൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-23 റെയിൽവേ അണ്ടർ പാസ്സ് നിർമ്മാണം-തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

പ്രൊജക്ട് : ചാത്തനല്ലൂർ റെയിൽവേ അണ്ടർ പാസ്സ് നിർമ്മാണം ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ

നം. : S0120/2025

അടങ്കൽ - 50,00,000(തനത് ഫണ്ട്)

വൗച്ചർ നം. 22400951/19-03-2025 : 3,17,374

ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ ലൈനിൽ ചാത്തനല്ലൂർ ഭാഗത്ത് 28/4, 28/5 എന്നീ റെയിൽവേ കിലോമീറ്ററുകൾക്കിടയിലുള്ള ഭാഗത്ത് റെയിൽവേ അണ്ടർ പാസ്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾക്കായാണ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആയതിനുള്ള ഡെപ്പോസിറ്റ് പ്രവൃത്തിക്കായി സതേൺറെയിൽവേ 3,08,68,705 രൂപയുടെ എസ്റ്റിമേറ്റ് സംഗ്രഹം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജ് ഇനത്തിൽ 3,17,374 രൂപ ഡിവിഷണൽ എഞ്ചിനീയർ, സതേൺ റെയിൽവേ

അടവാക്കാനാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ വൗച്ചർ പ്രകാരം തുക അടവാക്കിയിട്ടുണ്ട്. പദ്ധതിയിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 50,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. 5000000/-(അൻപതു ലക്ഷം) രൂപ വീതം വിഹിതമായി അനുവദിച്ചു നല്കുന്നതിന് മലപ്പുറം ജില്ലാ പഞ്ചായത്തിനോടും പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിനോടും അഭ്യർത്ഥിക്കുന്നതിന് 01-07-2024ലെ ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. 1995 ലെ കേരള പഞ്ചായത്ത് രാജ് (പ്രവർത്തന കമ്മിറ്റികളുടെയും ജോയിന്റ് കമ്മിറ്റികളുടെയും രൂപീകരണവും യോഗ നടപടിക്രമങ്ങളും ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഒരു പഞ്ചായത്തിന് ഒന്നോ അതിലധികമോ പഞ്ചായത്തുകളുമായി ചേർന്ന് അവയ്ക്ക് കൂട്ടായി ഉത്തരവാദിത്തമുള്ള ഏത് ആവശ്യത്തിലേക്കും വേണ്ടി ഒരു ജോയിന്റ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. അപ്രകാരമുള്ള ജോയിന്റ് കമ്മിറ്റി രൂപീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 40/29-08-2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റെയിൽവേ അണ്ടർ പാസ്സ് നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-24 KMSCL ന് മുൻകൂർ തുക നൽകി- മരുന്ന്, രോഗനിർണ്ണയ ഉപകരണങ്ങൾ എന്നിവ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ (FHC) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്ന്, രോഗനിർണ്ണയ ഉപകരണങ്ങൾ എന്നിവക്കായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് താഴെ കാണും പ്രകാരം മുൻകൂർ തുക നൽകിയിട്ടുണ്ട്

| പ്രൊജക്ട് | പ്രൊഫോർമ ഇൻവോയ്സ് | നൽകിയ ബിൽ നമ്പർ, തുക |
|---|---|---|
| കുടുംബാരോഗ്യ കേന്ദ്രത്തേയും ഉപകേന്ദ്രത്തേയും ജനകീയാരോഗ്യകേന്ദ്രങ്ങൾ ആക്കുന്നതിനുള്ള സാമ്പത്തിക സഹായം (S0582/2025) | PRF-44/19-04-2024: 2,25,560 | 22400778/11-02-2025 : 2,25,560 (ഹെൽത്ത് ഗ്രാന്റ്) |
| കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ (S0037/2025) | PRF-3692/17-02-2025 : 2,87,147 | BRN 24150352039101356360/28-02-2025 :287147 |
| | PRF-3991/04-03-2025 : 12,853 | BRN 24150352039101444713/11-03-2025 : 12853 |
| പരിരക്ഷ – സാന്ത്വന പരിചരണ പദ്ധതി (S0031/2025) | PRF-1468/09-10-2024 : 5,99,995 | BRN 24150352039101015897/10-01-2025 : 5,99,995 |
| | PRF-4083/06-03-2025 : 70,000 | BRN 24150352039101491853/13-03-2025 : 70,000 |

മുൻകൂർ നൽകിയത് പ്രകാരമുള്ള ഇനങ്ങൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/27-08-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകളും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 SSK വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രൊജക്ടുകൾ പ്രകാരം 12,00,000/- രൂപ പഞ്ചായത്ത് വിഹിതമായി എസ്.എസ്.കെ -ക്ക് നൽൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പ്രൊജക്ട് | SSA വിഹിതം നൽകൽ ജനറൽ (74/25) |
| | അടങ്കൽ/ ഫണ്ട് | 1100000/ വികസനഫണ്ട് (ജനറൽ) |
| | ചെലവ്/ ബിൽ നമ്പർ | Rs.1100000, Bill No. 24150352040300575958/21.08.2024 |
| 2 | പ്രൊജക്ട് | SSK വിഹിതം നൽകൽ SC (82/25) |
| | അടങ്കൽ/ ഫണ്ട് | 100000/ വികസനഫണ്ട് (SCP) |
| | ചെലവ്/ ബിൽ നമ്പർ | Rs.100000, Bill No. 24150352040300575953/21.08.2024 |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രാക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ

സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കണ്ടെത്തി.

1. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
2. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
3. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.
4. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
5. പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നതാണ് മേൽ പരാമർശങ്ങളിൽ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 16/തിയ്യതി: 27.08.2025 ) മറുപടി ലഭ്യമാക്കിയത്. രേഖകൾ ഹാജരാക്കുന്നത് വരെ തുക തടസ്സം ചെയ്യുന്നു.

## 1-26 തുല്യത കോഴ്സുകളുടെ ഫീ നൽകൽ - വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം., പേര് | 77/25, തുടർ വിദ്യാഭ്യാസം |
| അടങ്കൽ | 298600 (200000വികസനഫണ്ട് ജനറൽ, 98600 ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് തുക | 298600 |
| ബിൽ/ വൗച്ചർ നം. | 241503520403011317 49/05.01.2025, 194600<br>22400952/20.03.2025, 54600<br>241503520403012275 06/26.01.2025, 5200<br>22400913/15.03.2025, 44200 |

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന തുല്യതാ കോഴ്സുകൾക്കായി താഴെ പറയും പ്രകാരം കോഴ്സ് ഫീസ് ഡയറക്ടർ,കേരള സാക്ഷരത മിഷൻ,തിരുവനന്തപുരം ന് നൽകിയിട്ടുണ്ട്.

| ക്രമ നം. | കോഴ്സിന്റെ പേര് | പഠിതാക്കളുടെ എണ്ണം | അടവാക്കിയ തുക |
|---|---|---|---|
| 1 | 10ാം തരം | 28 | 54600 |
| 2 | +1 | 62 | 161200 |
| 3 | +2 | 36 | 82800 |
| ആകെ | | | 298600 |

1. മേൽ പ്രകാരം തുക അടവാക്കിയതിൽ കൈപ്പറ്റ് രസീതും ധനവിനിയോഗ സാക്ഷ്യപത്രവും സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.
2. മേൽ വിദ്യാർത്ഥികൾ പരീക്ഷക്ക് ഹാജരായതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ അറിയിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 17/2024-25 തിയ്യതി : 27.08.2025) മറുപടിയായി ഹയർസെക്കന്ററി +2 വിന്റെ കൈപ്പറ്റ് രസീതും ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി. 10ാം തരത്തിന്റെയും ഹയർസെക്കന്ററി +1 ന്റെയും കൈപ്പറ്റ് രസീതും ധനവിനിയോഗ സാക്ഷ്യപത്രവും രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാം എന്നാണ് നൽകിയത്. വിദ്യാർത്ഥികൾ പരീക്ഷക്ക് ഹാജരായതിന്റെ വിവരങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാം എന്ന് വ്യക്തമാക്കി. കൈപ്പറ്റ് രസീതും ധനവിനിയോഗ സാക്ഷ്യപത്രവും വിദ്യാർത്ഥികൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 ലോഡ്ജ്/പാരാമെഡിക്കൽ/ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 2024-25 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയില്ല .

1. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾ 2024-25 വർഷം രജിസ്ട്രേഷൻ പുതുക്കാത്തതായി കണ്ടെത്തി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | വിഭാഗം |
|---|---|---|
| 1 | ഹിൽവാന അപ്പാർട്ട്മെന്റ്, പുത്തനങ്ങാടി | ലോഡ്ജ് |
| 2 | എഡ്യുകാഡ് | ട്യൂട്ടോറിയൽ |
| 3 | Peyrokazz Training Institution | ട്യൂട്ടോറിയൽ |
| 4 | INTUMEBIL Medical Coding Billing Solution | ട്യൂട്ടോറിയൽ |

| | | |
|---|---|---|
| 5 | Smile &Shine Dental Clinic, Tiroorkkad | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 6 | Aimin Health Care Polyclinic | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 7 | മെഡ്കോ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ, ആയുർവേദ ക്ലിനിക് ആൻഡ് പഞ്ചകർമ്മ സെന്റർ | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 8 | ജെ കെസ് ക്ലിനിക് അങ്ങാടിപ്പുറം | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 9 | ഡോ. പ്രീതിസ് ഡെന്റൽ കെയർ | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 10 | കേരള ആയുർവേദിക് ആൻഡ് വെൽനെസ്സ് സ്പാ അരിപ്ര | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 11 | ആയുസ്സ് വെൽനെസ്സ് ആയുർവേദ ക്ലിനിക് | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 12 | അൽമാസ് മൽട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 13 | എം എം ക്ലിനിക്, വൈലോങ്ങര | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 14 | അമ്മൂസ് ഡെന്റല ക്ലിനിക് | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 15 | വിൽവ ആയുർവേദ ചികിത്സാലയം | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |

2. താഴെ പറയുന്ന വ്യക്തികൾ 2024-25 വർഷത്തിൽ വളർത്തു നായകൾ/പന്നികൾ ക്ക് ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നം. | പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | മുരളീധരൻ | 12/933 |
| 2 | വിനോദ്കുമാർ | 6/466C |
| 3 | ആകാശ് | 23/542 |
| 4 | അബ്രഹാം | 16/278B |
| 5 | നിത്യാനന്ദൻ | 9/705B |
| 6 | മോഹൻദാസ് | 14/508 |
| 7 | മുരളീധരൻ | 9/423 |
| 8 | വർഗീസ് | 17/365 |
| 9 | അശ്വിൻ കൃഷ്ണ | 8/518A |
| 10 | സോന | 4/117 |
| 11 | നിഷാജോസഫ് | 16/306 |
| 12 | ശങ്കരനാരായണൻ | 4/287 |
| 13 | മോഹൻദാസ് | 14/857A |

3. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2024-25 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കലിനുള്ള ഫീ ആയ 50/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ രജിസ്റ്റർ പ്രകാരം ഈ സ്ഥാപനങ്ങൾ 2023-24 വർഷത്തിൽ രജിസ്റ്റർ ചെയ്തതായോ പുതുക്കിയതായോ കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വിഭാഗം |
|---|---|---|

| | | |
|---|---|---|
| 1 | ഹീൽ ബേ പോളിക്ലിനിക് അങ്ങാടിപ്പുറം | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 2 | ഡോ. ബി കെസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർഡിയാക് കെയർ റിസർച്ച് സെന്റർ | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 3 | ഡോ. ലാസിമാസ് അവിസന്ന ഹെൽത്ത് കെയർ ആൻഡ് പഞ്ചകർമ്മ സെന്റർ | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 4 | സെവൻ സിഗ്മ പോളിക്ലിനിക് അങ്ങാടിപ്പുറം | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 5 | ക്രൗൺ മൾട്ടിസ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് 36/2024-25 തിയ്യതി : 29/08/2025 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.
വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## <u>1-28 രജിസ്ട്രേഷൻ ചെയ്ത പാരാമെഡിക്കൽ/പ്രൈവറ്റ് ഹോസ്പിറ്റൽ/ലോഡ്ജ് സ്ഥാപനങ്ങളിൽ നിന്ന് 2024-25 വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങൾ 2024-25 വർഷത്തിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | വിഭാഗം |
|---|---|---|
| 1 | എടത്തുപുരം ലബോറട്ടറി | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 2 | അൽ സഹർ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 3 | ഡോ. ബി കെസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർഡിയാക് കെയർ റിസർച്ച് സെന്റർ | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 4 | ഡോ. ലാസിമാസ് അവിസന്ന ഹെൽത്ത് കെയർ ആൻഡ് പഞ്ചകർമ്മ സെന്റർ | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 5 | ക്രസന്റ് ഹോമിയോ സ്പെഷ്യാലിറ്റി ക്ലിനിക് | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 6 | ഡോ.സുനിതാസ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 7 | ക്രൗൺ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 8 | ബ്ലൂം ചൈൽഡ് ക്ലിനിക് | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 9 | മെഡ് ലൈൻ ഹെൽത്ത് കെയർ അങ്ങാടിപ്പുറം | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 10 | സേവന ലബോറട്ടറി അങ്ങാടിപ്പുറം | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ |
| 11 | ചെങ്ങര ഹെറിറ്റേജ് | ലോഡ്ജ് |
| 12 | ദേവി ഇൻ | ലോഡ്ജ് |
| 13 | ബ്ലൂ മൗണ്ട് റെസിഡൻസി | ലോഡ്ജ് |
| 14 | നർമദ ലോഡ്ജ് | ലോഡ്ജ് |
| 15 | മൗണ്ട് ക്രീക്ക് അപ്പാർട്ട്മെന്റ് | ലോഡ്ജ് |
| 16 | ഹോട്ടൽ റിതു റീഗൻസി | ലോഡ്ജ് |
| 17 | പ്ലാസ ലോഡ്ജ് | ലോഡ്ജ് |
| 18 | മെട്രോ ബജറ്റ് റൂം | ലോഡ്ജ് |
| 19 | ചൈതന്യ ടൂറിസ്റ്റ് ഹോം | ലോഡ്ജ് |
| 20 | കെ പി മുഹമ്മദാലി കുരിക്കൾ ആൻഡ് അബ്ദുൽസലാം | ലോഡ്ജ് |

| | | |
|---|---|---|
| | (സ്ഥാപനത്തിന്റെ പേരില്ല) | |
| 21 | റഷീദ് ബാബു(സ്ഥാപനത്തിന്റെ പേരില്ല) | ലോഡ്ജ് |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് 37/2024-25 തിയ്യതി : 29/08/2025 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 തെരുവ് വിളക്ക് വൈദ്യുതി ചാർജ് - രേഖകൾ ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇനത്തിൽ തൻവർഷം 25,99,190 രൂപ ചെലവ് വന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മുഴുവനായും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പൂർത്തീകരിക്കാത്തതിനാൽ മീറ്റർ റീഡിങ് അടിസ്ഥാനത്തിലല്ല കെ.എസ്.ഇ.ബിയുടെ ഡിമാന്റ്. ആയതിനാൽ ഡിമാന്റിൽ കൃത്യതയില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്ത് ഇത് സംബന്ധിച്ച് KSEB യുമായി സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച ഫയൽ ലഭ്യമാക്കിയിട്ടില്ല. 4 ഇലക്ട്രിക്ക് ഡിവിഷനുകളിലായി പ്രതിമാസം ശരാശരി 2,16,599/- രൂപയുടെ വൈദ്യുതി ചാർജ്ജ് അടവാക്കേണ്ടി വരുന്നതിന്റ നിജസ്ഥിതി സംയുക്ത പരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 44/30-08-2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിലവിലെ KSEBയുടെ ഡിമാന്റ് നോട്ടീസിന് അടിസ്ഥാനമാക്കിയ രേഖകൾ വിലയിരുത്തേണ്ടതും സർക്കാർ ഉത്തരവ് പ്രകാരം പൂർണ്ണതോതിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റ വിവരം ലഭ്യമാക്കേണ്ടതുമാണ്

## 1-30 ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന തുകകളുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല -

| ക്രമ നമ്പർ | ബിൽ/ വൗച്ചർ നമ്പർ/ തിയ്യതി | തുക | ചെലവ് വിവരം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22401113/31-03-2025 | 2,65,000 (തനത് ഫണ്ട്) | ജില്ലാപഞ്ചായത്ത് റിസോഴ്സ് സെന്ററിന് പഞ്ചായത്ത് വിഹിതം നൽകൽ (S0512/2025) | രശീതി, വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 2 | 22400808/14-02-2025 | 30,000 (തനത് ഫണ്ട്) | **തദ്ദേശ ദിനാഘോഷത്തിനുള്ള തുക LSGD പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ ഉത്തരവ് പ്രകാരം നൽകിയത്** | രശീതി |
| 3 | 22401054/29-03-2025 | 44,436 | ജൂനിയർ സൂപ്രണ്ട് ശ്രീ. ജയകുമാർ ഡി- യുടെ ശമ്പളത്തിൽ നിന്നും 2024 നവംബർ മാസം മുതൽ അധികമായി റിക്കവർ ചെയ്ത തുക (11,109X4) എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് | ചെലവിനാധാരമാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണ് |
| 4 | 22401028/27-03-2025 | 70,000 | അക്കൗണ്ടന്റ് കം ഐ.ടി. എക്സ്പെർട്ട്മാർക്കുള്ള വേതനം ഇനത്തിലെ കുടിശ്ശിക ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയത് | രശീതി ഇല്ല.<br>തുക എപ്രകാരമാണ് കണക്കാക്കിയത് എന്നതിന്റെ രേഖകളും ഹാരാക്കേണ്ടതാണ്. |
| 5 | 22400620/24-12 -2024 | 3,29,048 | ലൈബ്രറി സെസ് ഇനത്തിൽ നൽകിയ തുക | രശീതി |
| 6 | 22400252/30-07-2024<br>22400650/17-01-2025 | 20,000<br>4,40,000 | മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് നൽകിയ തുക | ബന്ധപ്പെട്ട ബാങ്ക് പാസ് ബുക്ക് , വൗച്ചറുകൾ, ബില്ലുകൾ |
| | ആകെ | 11,98,484 | | |

രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43/27-08-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 11,98,484 രൂപ തടസ്സം ചെയ്യുന്നു.

## 1-31 GST, IT എന്നീ ഇനങ്ങളിൽ TDS ചെയ്തിട്ടില്ല.

ഒരു വ്യക്തിക്ക് കരാർ പ്രകാരം അനുവദിക്കുന്ന തുക 30,000/- രൂപയ്ക്ക് മുകളിൽ ആണെങ്കിലോ (Single Payment)/ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000/- രൂപക്ക് മുകളിൽ ആണെങ്കിലോ Income Tax Act 1961, Sec.194C പ്രകാരം, അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്. അതേപ്രകാരം, ഒരു കരാറിന്റെ അടിസ്ഥാനത്തിൽ നൽകുന്ന തുകയുടെ മൂല്യം 2,50,000/- രൂപയ്ക്കു മുകളിലാണെങ്കിൽ ജി.എസ്.ടി നിയമം, സെക്ഷൻ 51 അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 പ്രാബല്യത്തിൽ 2% ജി.എസ്.ടി. ടി.ഡി.എസ് നടത്തണം. എന്നാൽ സെക്രട്ടറി, മെഡിക്കൽ ഓഫീസർ (FHC) എന്നിവർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ GST, IT ഇനങ്ങളിലുള്ള TDS ചെയ്തിട്ടില്ല :

1. പ്രൊജക്ട് : അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്ക് പരിപാലനം നടത്തൽ

നം. : S0018/2025

അടങ്കൽ - 8,00,000 (ധനകാര്യ കമ്മീഷൻ അവാർഡ് -5,00,000 തനത് ഫണ്ട് - 3,00,000)

വൗച്ചർ നം. 22400462/30-09-2024 : 1,19,360

വൗച്ചർ നം. 22401102/31-03-2025 : 2,28,310

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം തെരുവ് വിളക്കുകളുടെ റിപ്പയർ പ്രവൃത്തി നിർവ്വഹിച്ച ശ്രീ. മുഹമ്മദ് ഷിഹാബുദ്ദീൻ സി-ക്ക് 2,82,400 രൂപയും, മേൽ പ്രവൃത്തിക്കായി വാഹനം ഓടിയ വകയിൽ ശ്രീ. ഉമ്മർ കെ.ടി-ക്ക് 65,270 രൂപയും നൽകിയിട്ടുണ്ട്. ശ്രീ. മുഹമ്മദ് ഷിഹാബുദ്ദീൻ സി-യിൽ നിന്ന് 2820 രൂപ IT TDS ചെയ്യേണ്ടതിന് പകരം 985 രൂപ മാത്രമാണ് ഈടാക്കിയത്. ശ്രീ. ഉമ്മർ കെ .ടി യിൽ നിന്ന് തുകയൊന്നും ഈടാക്കിയിട്ടില്ല.

ശ്രീ. മുഹമ്മദ് ഷിഹാബുദ്ദീൻ സി-യിൽ നിന്ന് 2,82,400 രൂപ യുടെ 2% ജി.എസ്.ടി. ടി.ഡി.എസ് കൂടി നടത്തേണ്ടതുണ്ട്. എന്നാൽ അപ്രകാരം തുക ഈടാക്കിയതായി കാണുന്നില്ല.

2. പ്രൊജക്ട് : തിരുമാന്ധാംകുന്ന് പൂരം ശുചീകരണ പ്രവൃത്തികൾ

നം. : S0046/2025

അടങ്കൽ - 3,00,000 (തനത് ഫണ്ട് - 1,50,000 ഗുണ.വിഹിതം -1,50,000)

വൗച്ചർ നം. 22400202/17-07-2024 : 2,62,020

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം അങ്ങാടിപ്പുറം പൂരത്തിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ കരാറെടുത്ത ശ്രീ. മുഹമ്മദ് പി-ക്ക് മേൽ വൗച്ചർ പ്രകാരം 2,62,020 രൂപ നൽകിയിട്ടുണ്ട്. എന്നാൽ IT 1 %, GST 2% എന്നിവ TDS ആയി കുറവ് ചെയ്തിട്ടില്ല.

3. പ്രൊജക്ട് : പരിരക്ഷ – സാന്ത്വന പരിചരണ പദ്ധതി

നം. : S0031/2025

അടങ്കൽ - 21,00,000 (വികസന ഫണ്ട് -19,50,000 തനത് ഫണ്ട് - 1.50,000 )

വൗച്ചർ നം. 22401088/33-03-2025 : 50874

വൗച്ചർ നം. 22401087/31-03-2025 : 50980

BRN 2415035203910144l365/10-03-2025 : 51660

BRN 24150352039101441384/10-03-2025 : 51410

BRN 24150352039101509813/15-03-2025 : 51070

BRN 24150352039101512398/15-03-2025 : 51085

BRN 24150352039101190722/07-02-2025 : 51700

BRN 24150352039101144493/14-01-2025 : 52018

BRN 24150352039101144503/14-01-2025 : 51430

BRN 24150352039101190730/07-02-2025 : 51410

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ശ്രീ. അബ്ദുസ്സലാം, ശ്രീ. ഷിഹാബുദ്ദീൻ എന്നിവർക്ക് വാഹന വാടകയിനത്തിൽ 1,10,000 രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ 1% TDS ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കിയിട്ടില്ല.

4. പ്രൊജക്ട് : കുടുംബാരോഗ്യ കേന്ദ്രത്തേയും ഉപകേന്ദ്രങ്ങളേയും ജനകീയാരോഗ്യ കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള സാമ്പത്തിക സഹായം

നം. : S0582/2025

അടങ്കൽ - 4,13,405 (ഹെൽത്ത് ഗ്രാന്റ്)

വൗച്ചർ നം. 22400432/13-09-2024 : 7,000

വൗച്ചർ നം. 22400641/31-01-2025 : 90,000

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ആരോഗ്യ സ്ഥാപനങ്ങൾ ബ്രാന്റ് ചെയ്യുന്ന പ്രവൃത്തികൾക്കായി മൊണാലിസ അഡ്വട്ടൈസിംഗ് ഏൻസി, പെരിന്തൽമണ്ണക്ക് 97,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 2% TDS ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 08, 09/26-08-2025, 21,22/27-08-2025 എന്നിവക്ക് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- ഗുണഭോക്താക്കൾക്ക് അർഹമായ തുക നൽകിയിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയിട്ടില്ല -

**1.** പ്രൊജക്ട് - പട്ടികാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നം. S0327/2025

BRN 2415035203440146 4579/17-03-2025 : 1,10,000/-

| ഗുണഭോക്താവ് | കോഴ്സ്, സ്ഥാപനം | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| അക്ഷയ എം.പി, മണിയോട്ടു പടിക്കൽ ഹൗസ് | എം.കോം, PTM ഗവ.കോളേജ്, പെരിന്തൽമണ്ണ | 20000 | അർഹമായ തുക 30000 |

**2. പ്രൊജക്ട് - പട്ടികാതി യുവതികൾക്ക് വിവാഹ ധനസഹായം**

**നം. S0021/2025**

അടങ്കൽ - 13,00,000 (SCP- 12,32,000 തനത് ഫണ്ട് - 68000)

BRN 24150352034401273371/04-02-2025 : 2,37,000

| ക്ര.നം. | ഗുണഭോക്താവ് | വിവാഹ തിയ്യതി | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ. രഘു കുന്നത്ത് | 26-05-2024 | 87000 | 1,25,000 രൂപക്ക് അർഹതയുണ്ടെങ്കിലും 87000 രൂപ മാത്രമാണ് നൽകിയിട്ടുള്ളത് |

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 & 29/29-08-2025 കൾക്ക് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് മുഴുവൻ തുകയും നൽകാനാവാതിരുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഗുണഭോക്താക്കൾക്ക് അർഹമായ തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ഫെസ്റ്റിവൽ അഡ്വാൻസ് - പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

1. ഉദ്യോഗസ്ഥർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിനായി 22400452/30-09-2024 -ാം നമ്പർ വൗച്ചർ പ്രകാരം 80,000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻ തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് -

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | കൈപ്പറിയ തുക | ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ശ്രീ. കിഷോർ കുമാർ വി, ക്ലർക്ക് | 20,000 | 12,000 | 8,000 |

2. ശ്രീ. കിഷോർ കുമാർ വി, ക്ലർക്ക് 2023-24 വർഷത്തിൽ കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിൽ നിന്ന് അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലം മാറി വന്നപ്പോൾ 4000 രൂപയടെ 3 ഗഡുക്കളായി 12,000 രൂപ ഫെസ്റ്റിവൽ അഡ്വാൻസ് റിക്കവറി നടത്തിയിട്ടുണ്ട്. ആയത് 22400138/20-06-2024 : 12000 തിരികെ നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക രശീതി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

15-03-2024ലെ എ1/4533/2023-ാം നമ്പർ കത്ത് പ്രകാരം കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടത് റിക്കവർ ചെയ്ത 16000 രൂപ തിരികെ ലഭ്യമാക്കണമെന്നാണ്. എന്നാൽ 12000 രൂപ മാത്രമേ റിക്കവർ ചെയ്തിട്ടുള്ളൂ എന്ന മറുപടി കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിനെ അറിയിച്ചതായും കാണുന്നില്ല.

3. താഴെപ്പറയുന്ന ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ കുറവ് ചെയ്ത തുക അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല -

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത തുക | റിമാർക്ക് |
|---|---|---|---|
| 1 | ശ്രീമതി രജനി കെ, അക്കൗണ്ടന്റ് | 12000 | ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കിയതിന്റെ ഔദ്യോഗിക രശീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് |
| | ശ്രീ. ജോഷി എം.കെ, സീനിയർ ക്ലർക്ക് | 4000 | |
| 2 | ശ്രീമതി ശ്രീജ എസ്, സീനിയർ ക്ലർക്ക് | 2000 | |
| 3 | ശ്രീമതി മഞ്ജുഷ വി, ക്ലർക്ക് | 6,400 | |

ഓഡിറ്റ് എൻക്വയറി നം. 39/30-08-2025-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-34 KSEB- ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് : അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ റോഡിൽ അപകടകരമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ

നം. : S0033/2025

അടങ്കൽ - 5,00,000 (ധനകാര്യ കമ്മീഷൻ അവാർഡ് -2,000,00 തനത് ഫണ്ട് - 3,00,000 )

വൗച്ചർ നം. 22400872/01-03-2025 : 1,53,511

വൗച്ചർ നം. 22401084/31-03-2025 : 1,63,817

വൗച്ചർ നം. 22401106/31-03-2025 : 46,396

വൗച്ചർ നം. 22401110/31-03-2025 : 56,483

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് മേൽ വൗച്ചറുകൾ പ്രകാരം 4,20,207 രൂപ KSEB ഇലക്ട്രിക് സെക്ഷൻ, അങ്ങാടിപ്പുറത്തിന് നൽകിയിട്ടുണ്ട്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കുലർ നമ്പർ ഡി.എ2/881/2018/ത.സ്വ.ഭ.വ തിയതി 28.12.2018 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നിക്ഷേപിക്കുന്നത് കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത തുക കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചതിനാധാരമായ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല.

2. സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(Iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ 4,20,207 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുകയോ പ്രവൃത്തിയുടെ പുരോഗതി വിവരം ആരായുകയോ ചെയ്തതായി കാണുന്നില്ല.

3. കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ഗ്രാമ പഞ്ചായത്ത് മേൽ പദ്ധതികൾക്കായി കരാർ ചമയ്ച്ചിട്ടുമില്ല.

അപാകതകക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/26-08-2025 ന് മറുപടി ലഭ്യാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുകയും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യുന്നത് വരെ ചെലവ് തുക 4,20,207 രൂപ തടസ്സം ചെയ്യുന്നു.

## 1-35 കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മറ്റി - വാർഷിക കണക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മറ്റിയുടെ രൂപീകരണം മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വാർഷിക ധനകാര്യപത്രികകളും ആയതിന്റെ വരവ്-ചെലവുകൾ പരിശോധിക്കാൻ ആവശ്യമായ മുഴുവൻ രേഖകളും, മിനിട്സ് ബുക്കും പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ.07/23.08.2025) നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-36 വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനം- അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ വാഹനം KL 53-E-2007 ന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ സ.ഉ (പി) നം.803/70ഫിൻ തീയ്യതി 13.11.1970, കെ.എഫ്.സി വാള്യംI ആർട്ടിക്ക്ൾ 324 എന്നിവ പ്രകാരം സർക്കാർ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലനം സംന്ധിച്ചുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല എന്ന് കാണുന്നു. അപാകതകൾ താഴെ പറയുന്നു -

1) ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് വർഷത്തിലൊരിക്കൽ പി.ഡബ്ളിയു.ഡി മെക്കാനിക്കൽ വിഭാഗം/മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് നടത്തിക്കേണ്ടതാണ്. ഉദ്യോഗസ്ഥൻ ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരം ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതായി കാണുന്നില്ല.

2) ഫ്യുവൽ നിറക്കുന്നത് സൂപ്പർവൈസിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

3) ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ കസ്റ്റോഡിയൻ/കൺട്രോളിംഗ് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

4) ഇന്ധന ഉപഭോഗം, യാത്ര ചെയ്ത ദൂരം എന്നിവയുടെ ലോഗ് ബുക്ക് സംക്ഷിപ്തം ഓരോ മാസാവസാനവും തയ്യാറാക്കേണ്ടതാണ്. എന്നാൽ അപ്രകാരം മാസാന്ത്യ, വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ധനകാര്യ (ഐ.ടി,സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ വാഹനത്തിന്റെ വിവരങ്ങളും, ഡ്രൈവർ തുടങ്ങിയവരുടെ വിവരങ്ങളും വീൽസിൽ ചേർത്തതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 47/30-08-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-37 അംഗൻവാടി പുനരുദ്ധാരണം - മൂല്യ നിർണ്ണയത്തിൽ അപാകത- അധിക ചെലവ്

അംഗൻവാടി പുനരുദ്ധാരണം (434/25) എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി ചോലകുളമ്പ് അംഗൻവാടി -സെന്റർ നം 13, എടത്തുപുറം അംഗൻവാടി -സെന്റർ നം.30 എന്നീ അംഗനവാടികളിൽ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 27.08.2025 -തിയ്യതിയിൽ അസി. എൻജിനീയറുടെ സാനിധ്യത്തിൽ സൈറ്റ് പരിശോധന നടത്തി. സൈറ്റ് പരിശോധനയിൽ മൂല്യ നിർണ്ണയ പ്രകാരമുള്ള പ്രവൃത്തികൾ ചെയ്തിട്ടില്ലന്ന് ബോധ്യപ്പെട്ടു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Estimate Id (Price) | 109597/2023 |
| കരാർ | 66/2023-24/AE/AGPM/17.02.2024 (Tender Variation - Nil) |
| കരാറുകാരൻ | ഷൗക്കത്തലി.പി |
| മൂല്യ നിർണ്ണയം | മെഷർമെന്റ് 01.07.2024, 18.10.2024<br>& ചെക്ക് മെഷർമെന്റ് 02.07.2024, 19.10.2024 |
| വൗച്ചർ | Rs. 376558/- Vr. No. 164/2024-25/13.02.2025 |

എ). ചോലകുളമ്പ് അംഗൻവാടി -സെന്റർ നം 13

1. അംഗൻവാടിയിൽ ഓട് മേയുന്നതിനുള്ള സ്റ്റീൽ പ്രവൃത്തികൾ 2 Mm കനമുള്ള സ്ക്വയർ പൈപ്പുകൾ [Rectangular Hollow Section] ഉപയോഗിച്ച് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് (ഇനം 1.006). എസ്റ്റിമേറ്റ് പ്രകാരമുള്ള തൂക്കം (80*40 സ്ക്വയർ പൈപ്പിന് 3.56 Kg/M & 40*20 സ്ക്വയർ പൈപ്പിന് 1.68 Kg/M) പ്രകാരം തന്നെയാണ് മൂല്യ നിർണ്ണയം നടത്തി കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്.
2. മൂല്യ നിർണ്ണയ പ്രകാരമുള്ള സ്ക്വയർ പൈപ്പുകൾ അല്ല പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത് എന്ന് സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ക്വയർ പൈപ്പുകളുടെ തൂക്കം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അസി. എൻജിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു (Audit Enquiry No. 27/29.08.2025).
3. ഓഡിറ്റ് എൻക്വയറിക്ക് അസി. എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ (Audit-27/AE/AGPM/2025-26 Date 29.08.2025) 1.6 Mm കനമുള്ള സ്ക്വയർ പൈപ്പുകളാണ് പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത് എന്നും അധികം നൽകിയ തുക ഈടാക്കുന്നതാണെന്നും ഓഡിറ്റിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബി). എടത്തുപുറം അംഗൻവാടി -സെന്റർ നം.30

4. അംഗൻവാടിയിൽ ഷീറ്റ് മേയുന്നതിനും സ്റ്റെയർ ചെയ്യുന്നതിനുമുള്ള സ്റ്റീൽ പ്രവൃത്തികൾ ഉപയോഗിച്ചിട്ടുള്ള സ്ക്വയർ പൈപ്പുകൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തൂക്കം (2.83 Kg/M, 2.76 Kg/M, 2.28 Kg/M) പ്രകാരം തന്നെയാണ് മൂല്യ നിർണ്ണയം നടത്തി കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്.
5. മൂല്യ നിർണ്ണയ പ്രകാരമുള്ള സ്ക്വയർ പൈപ്പുകൾ അല്ല പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത് എന്ന് സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ക്വയർ പൈപ്പുകളുടെ തൂക്കം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അസി. എൻജിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു (Audit Enquiry No. 27/29.08.2025).
6. ഓഡിറ്റ് എൻക്വയറിക്ക് അസി. എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ (Audit-27/AE/AGPM/2025-26 Date 29.08.2025) 1.6 Mm കനമുള്ള സ്ക്വയർ പൈപ്പുകളാണ് പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത് എന്നും അധികം നൽകിയ തുക ഈടാക്കുന്നതാണെന്നും ഓഡിറ്റിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഓഡിറ്റ് പരാമർശങ്ങൾ.

1. ഗ്രാമ പഞ്ചായത്തുമായി കരാർ ചമച്ചിട്ടുള്ള കരാറുകാരൻ എസ്റ്റിമേറ്റ് പ്രകാരമുള്ള ഗുണനിലവാരത്തിൽപ്രവൃത്തികൾ ചെയ്യുന്നതിന് ബാധ്യസ്ഥനാണ്. ആയത് ചെയ്യുന്നുണ്ടന്ന് ഉറപ്പ് വരുത്തേണ്ടത് സൈറ്റ് ചുമതലയുള്ള ഓവർസിയർ, അസി. എൻജിനീയർ എന്നിവരുടെ ബാധ്യതയുമാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഗുണനിലവാരത്തിൽ പ്രവൃത്തികൾ ചെയ്യാതെ ഓഡിറ്റ് പരാമർശം ഉണ്ടാവുമ്പോൾ തുക തിരിച്ചടവാക്കാം എന്ന പ്രവണത അംഗീകരിക്കാവുന്നതല്ല. തുടർന്നുള്ള ഓഡിറ്റിൽ മേൽ വിഷയം കർശനമായി നിരീക്ഷിക്കുന്നതും, ഭാവിയിൽ ഇത്തരം വീഴ്ച്ചകൾ വരുത്തുന്നത് കരാറുകാരൻ, ഓവർസിയർ, അസി. എൻജിനീയർ എന്നിവരുടെ ഭാഗത്തുന്നുള്ള ഗുരുതര കൃത്യ വിലോപമായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതുമാണ്. മേൽ ഓഡിറ്റ് പരാമർശം പഞ്ചായത്ത് ഭരണ സമിതി പരിശോധിക്കേണ്ടതാണ്.
2. അധികം നൽകിയ തുക കണക്കാക്കി ആയത് തിരിച്ചടവാക്കേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-38 വലമ്പൂർ അംഗൻവാടി നവീകരണം - അധികം നൽകിയ തുക തിരിച്ചടവാക്കി.

വലമ്പൂർ അംഗൻവാടി നവീകരണം-39 (456/25) എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി അംഗൻവാടിക്ക് മുകളിലും, അംഗൻവാടിയുടെ മുറ്റത്തും പ്രൊഫൈൽ ഷീറ്റ് മേയുന്നതിനുമുള്ള സ്റ്റീൽ പ്രവൃത്തികളും, അംഗൻവാടിയുടെ മുകളിലേ സ്റ്റെയർ നിർമ്മിക്കുന്നതിനുള്ള സ്റ്റീൽ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ള സ്ക്വയർ പൈപ്പുകൾക്ക് [Rectangular Hollow Section] മൂല്യ നിർണ്ണയം പ്രകാരമുള്ള തൂക്കം ഇല്ലെന്ന് സൈറ്റ് പരിശോധനയിൽ [27.08.2025 -ന് 11 മണിക്ക്] ബോധ്യപ്പെട്ടു. അസി. എൻജിനീയർ സാനിധ്യത്തിൽ സൈറ്റ് പരിശോധന നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. അംഗൻവാടിക്ക് മുകളിലും, അംഗൻവാടിയുടെ മുറ്റത്തും പ്രൊഫൈൽ ഷീറ്റ് മേയുന്നതിനുള്ള സ്റ്റീൽ പ്രവൃത്തികൾ 2 Mm കനമുള്ള സ്ക്വയർ പൈപ്പുകൾ [Rectangular Hollow Section] ഉപയോഗിച്ച് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് (ഇനം 8). സൈറ്റ് പരിശോധന വേളയിൽ സ്ക്വയർ പൈപ്പുകളിൽ ആയതിന്റെ കനം 1.2 Mm ആണെന്ന് പഞ്ചിംഗ് ചെയ്തത് കണ്ടു ബോധ്യപ്പെട്ടു. എം ബുക്കിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 2 Mm/ 1.8 Mm കനം രേഖപ്പെടുത്തിയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. തെറ്റായ മൂല്യ നിർണ്ണയം മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.
2. അംഗൻവാടിയുടെ മുകളിലേ സ്റ്റെയർ നിർമ്മിക്കുന്നതിനുള്ള സ്റ്റീൽ പ്രവൃത്തികൾ 2 Mm കനമുള്ള സ്ക്വയർ പൈപ്പുകൾ [Rectangular Hollow Section] ഉപയോഗിച്ച് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് (ഇനം 9). സൈറ്റ് പരിശോധന വേളയിൽ സ്ക്വയർ പൈപ്പുകളിൽ ആയതിന്റെ കനം 1.2 Mm ആണെന്ന് പഞ്ചിംഗ് ചെയ്തത് കണ്ടു ബോധ്യപ്പെട്ടു. എം ബുക്കിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 2 Mm/ 1.8 Mm കനം രേഖപ്പെടുത്തിയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. തെറ്റായ മൂല്യ നിർണ്ണയം മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

തെറ്റായ മൂല്യ നിർണ്ണയം മൂലം ഉണ്ടായ അധിക ചെലവിന്റേയും പ്രൊജക്ടിന്റേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Estimate Id (Price) | 15719/2023 |
| അടങ്കൽ & ഫണ്ട് | 500000/ MG NR |
| കരാർ | 88/2022-23/AE/AGPM/30.03.2023 (Tender Variation - Nil) |
| കരാറുകാരൻ | Abdul Nasar MC |
| മൂല്യ നിർണ്ണയം | മെഷർമെന്റ് 23.01.2024 & ചെക്ക് മെഷർമെന്റ് 25.01.2024 |
| വൗച്ചർ | Rs. 420066/- Vr. No. 45/2024-25/05.07.2024 |

സ്റ്റീൽ പ്രവൃത്തിയുടെ മൂല്യ നിർണ്ണയത്തിലെ അപാകളും, അധിക ചെലവിന്റെ വിവരവും ചുവടെ ചേർക്കുന്നു.

| Item | സ്ക്വയർ പൈപ്പ് [Rectangular Hollow Section] | മൂല്യ നിർണ്ണയം നടത്തിയ തൂക്കം (Kg) | മൂല്യ നിർണ്ണയം നടത്തേണ്ടിയരുന്ന തൂക്കം (Kg) | അധികം (Kg) |
|---|---|---|---|---|
| 8 (Spec Code 50.10.2) | RHS 50*50 | 119.54 Kg<br>Ie [40.8 M * 2.93 Kg/M] | 75.07 Kg<br>Ie [40.8 M * 1.84 Kg/M] | 44.47 Kg |
| | RHS 80*40 | 502.96 Kg<br>Ie [141.3 M * 3.56 Kg/M] | 313.69 Kg<br>Ie [141.3 M * 2.22 Kg/M] | 189.27 Kg |

| | | | | |
|---|---|---|---|---|
| | | Rounded To 502.96 | | |
| | RHS 40*20 | 267.62 Kg<br>Ie [159.3 M * 1.68 Kg/M] | 173.64 Kg<br>Ie [159.3 M * 1.09 Kg/M] | 93.98 Kg |
| | RHS 100*50 | 283.81 Kg<br>Ie [71.86 M * 3.95 Kg/M] | 199.77 Kg<br>Ie [71.86 M * 2.78 Kg/M] | 84.04 Kg |
| | Total | | | 411.76 Kg |
| 9<br>(Spec Code 10.25.1) | RHS 40*20 | 23.52 Kg<br>Ie [14 M * 1.68 Kg/M] | 15.26 Kg<br>Ie [14 M * 1.09 Kg/M] | 8.26 Kg |
| | RHS 50*50 | 27.54 Kg<br>Ie [9.4 M * 2.93 Kg/M] | 17.3 Kg<br>Ie [9.4 M * 1.84 Kg/M] | 10.24 Kg |
| | RHS 20*15 | 27.32 Kg<br>Ie [30.4 M * 0.9 Kg/M] | 18.55 Kg<br>Ie [30.4 M * 0.61 Kg/M] | 8.77 Kg |
| | Total | | | 27.27 Kg |
| അധികം നൽകിയ തുക | ഇനം 8<br>(Spec Code 50.10.2) | Rs. 67333/-<br>Ie, [(411.76 Kg* 153.3/Kg)- (Tender Variation -9.6%) + (GST18%)] | | |
| | ഇനം 9<br>(Spec Code 10.25.1) | Rs. 3227/-<br>Ie, [(27.27 Kg* 110.94/Kg)- (Tender Variation -9.6%) + (GST18%)] | | |
| | Total | 70560/- | | |

അപാകതയിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിയെ (38/29.08.2025) തുടർന്ന് 30.08.2025-ലെ R-G100708-25007375 നമ്പർ രസീതി പ്രകാരം 70560/- രൂപ കരാറുകാരൻ തിരിച്ചടവാക്കി.

**<u>ഓഡിറ്റ് പരാമർശം.</u>**

1. ഗ്രാമ പഞ്ചായത്തുമായി കരാർ ചമച്ചിട്ടുള്ള കരാറുകാരൻ എസ്റ്റിമേറ്റ് പ്രകാരമുള്ള ഗുണനിലവാരത്തിൽപ്രവൃത്തികൾ ചെയ്യുന്നതിന് ബാധ്യസ്ഥനാണ്. ആയത് ചെയ്യുന്നുണ്ടന്ന് ഉറപ്പ് വരുത്തേണ്ടത് സൈറ്റ് ചുമതലയുള്ള ഓവർസിയർ, അസി. എൻജിനീയർ എന്നിവരുടെ ബാധ്യതയുമാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഗുണനിലവാരത്തിൽ പ്രവൃത്തികൾ ചെയ്യാതെ ഓഡിറ്റ് കണ്ടെത്തുമ്പോൾ തുക തിരിച്ചടവാക്കാം എന്ന പ്രവണത അംഗീകരിക്കാവുന്നതല്ല. തുടർന്നുള്ള ഓഡിറ്റിൽ മേൽ വിഷയം കർശനമായി നിരീക്ഷിക്കുന്നതും, ഭാവിയിൽ ഇത്തരം വീഴ്ച്ചകൾ വരുത്തുന്നത് കരാറുകാരൻ, ഓവർസിയർ, അസി. എൻജിനീയർ എന്നിവരുടെ ഭാഗത്തുന്നുള്ള ഗുരുതര കൃത്യ വിലോപമായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതുമാണ്.
2. മേൽ ഓഡിറ്റ് പരാമർശം പഞ്ചായത്ത് ഭരണ സമിതി പരിശോധിക്കേണ്ടതും ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അഭിപ്രായം അറിയിക്കേണ്ടതുമാണ്.

## <u>1-39 ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത് - ക്രമവിരുദ്ധം.</u>

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയംഅനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്. കൂടാതെ 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായിട്ടുണ്ട്.

10.09.2015-ലെ ജി.ഒ.(ആർ.ടി)നം.1339/2015/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പിഡബ്ള്യുഡി ക്വാളിറ്റി കൺട്രോൾ മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ മാന്വൽ വ്യവസ്ഥ അനുസരിച്ചും, 2012ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2214 അനുസരിച്ചും, 04.09.2014ലെ സർക്കുലർ നം.10434/C3/2014/PWD അനുസരിച്ചും 15 ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ നടത്തിയ First Tier QC Testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിക്കുവാൻ. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഫയലിൽ രേഖയില്ല. ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയതിന് ഉദാഹരണം താഴെ ചേർക്കുന്നു.

| ക്ര.നം | പ്രൊജക്ട് വിവരം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | തിരൂർക്കാട് പുളിയിലക്കുളം നവീകരണം (451/25) | 2000000 | 1953875 |
| 2 | തട്ടാരക്കാട് കണ്ണംതറ പരിയാപുരം പുനരുദ്ധാരണം (415/25) | 1900000 | 1815233 |

ക്വാളിറ്റി ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് / അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/30.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## <u>1-40 പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.</u>

അസിസ്റ്റന്റ് എഞ്ചിനിയർ 2024-25 ൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

I). പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ ഉൾപ്പടെ ആകെ 381 പ്രൊജക്റ്റുകളാണ് തയ്യാറാക്കിയത്. ഇതിൽ 135 പ്രൊജക്റ്റുകളിലായി ആകെ 61098879/- രൂപയാണ് ചെലവഴിച്ചത്.

| | |
|---|---|
| ആകെ പ്രൊജക്റ്റുകളുടെ എണ്ണം | 381 |
| പൂർത്തീകരിച്ച/ ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ എണ്ണം | 135 |
| ഫണ്ട് ചെലവഴിച്ചത് (രൂപയിൽ) | 61098879 |

സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലം ഫണ്ടുകളും ഗ്രാന്റുകളും ലാപ്സാകുന്നുണ്ട്. പ്രൊജക്റ്റുകൾ സമയ ബന്ധിതമായി പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

II). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

III). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം/ഡിപ്രീസേഷൻ ഉൾപ്പടെയുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. മേൽ വിഷയങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-41 1.69 കോടി രൂപയുടെ മെയ്ന്റനൻസ് ഗ്രാന്റുകൾ ലാപ്സായി.

പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതുമൂലം 2024-25 സാമ്പത്തിക വർഷത്തിൽ മെയ്ന്റനൻസ് ഗ്രാന്റ് റോഡ്, മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഇനത്തിൽ 1.69 കോടി രൂപലാപ്സായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 57298000 | 42268770 | 15029230 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 6954000 | 4995098 | 1958902 |
| ആകെ | 64252000 | 47263868 | 16988132 |

പഞ്ചായത്തിലെ റോഡ് ആസ്തികളുടെ സംരക്ഷണത്തിനും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണം, സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ആധുനിക വൽക്കരണം എന്നിവക്കുമാണ് പ്രധാനമായും മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടത്. സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലമാണ് ഗ്രാന്റുകൾ ലാപ്സായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികളുടെ നിർവ്വഹണത്തിലെ കോർഡിനേഷൻ കാര്യക്ഷമമാക്കി തുടർ വർഷങ്ങളിൽ ഫണ്ട് ലാപ്സാവുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നനു.

## 1-42 ഇ ടെണ്ടർ ഫീ- തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

ഇ ടെണ്ടർ മുഖേന അസി. എൻജിനീയർ നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ ലഭിക്കുന്നത് അസി.എൻജിനീയറുടെ പേരിൽ SBI അങ്ങാടിപ്പുറം ശാഖയിലുള്ള 67195472949 നമ്പർ അക്കൗണ്ടിലാണ്. പ്രസ്തുത അക്കൗണ്ടിൽ 12.03.2025-ന് 44925/- രൂപയുടെ നീക്കിയിരിപ്പുണ്ട്. ടെണ്ടർ ഫീ പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. കറന്റ് അക്കൗണ്ടായ മേൽ അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നതുമൂലം പലിശ ഇനത്തിലും പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാവുന്നുണ്ട്.

കൂടാതെ ആദായ നികുതി, ജി എസ് ടി എന്നിവ ഫയൽ ചെയ്യുന്നതിന് വേണ്ടി അസി.എൻജിനീയറുടെ പേരിൽ SBI അങ്ങാടിപ്പുറം ശാഖയിലുള്ള 67331338945 നമ്പർ അക്കൗണ്ട് കൂടി ഉണ്ട്. പ്രസ്തുത അക്കൗണ്ടിൽ 29.03.2025-ന് 469777/- രൂപയുടെ നീക്കിയിരുപ്പ് ഉണ്ട്. ആയതിൽ ആദായ നികുതി, ജി എസ് ടി എന്നീ ഇനത്തിലെ ബാധ്യത കിഴിച്ചുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

നിലവിൽ നീക്കിയിരുപ്പുള്ള തുക അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിന് കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(Audit Enquiry 30/29.08.2025 മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-43 പ്രവൃത്തികളുടെ മേൽ ഇൻഷൂറൻസ് പരിരക്ഷ എടുക്കുന്നില്ല

പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചതിന് ശേഷം കരാറുകാർക്ക് നൽകുന്ന Letter Of Acceptance ലെ വ്യവസ്ഥ 6 പ്രകാരം, ചെയ്യുന്ന പ്രവൃത്തിയുടെ മേൽ കരാറുകാരൻ ഇൻഷൂറൻസ് പരിരക്ഷ എടുക്കേണ്ടതുണ്ട്. ബിഡ് ഡോക്യുമെന്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവൃത്തി ആരംഭിച്ച് 15 ദിവസത്തിനകം ഇൻഷൂറൻസ് പരിരക്ഷ എടുത്തതിന്റെ രേഖകൾ ബന്ധപ്പെട്ട അധികാരികൾക്ക് (എഞ്ചിനീയർ) സമർപ്പിക്കണം. ഇത് സമർപ്പിക്കാത്ത പക്ഷം കരാർ തുകയുടെ 0.2% കരാറുകാരന് അനുവദിക്കുന്ന ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ/കരാർ ചമച്ച പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെ മേൽ ഇൻഷൂറൻസ് പരിരക്ഷ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഇൻഷൂറൻസ് പരിരക്ഷ എടുത്തിട്ടില്ലെങ്കിൽ കരാർ തുകയുടെ 0.2% കരാറുകാരന് അനുവദിക്കുന്ന ബില്ലിൽ നിന്നും കുറവ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(Audit Enquiry No. 41/30.08.2025 മറുപടിലഭ്യമാക്കിയിട്ടില്ല)

## 1-44 കറന്റ് അക്കൗണ്ടിൽ വലിയ തുക നിലനിർത്തുന്നത് പലിശയിനത്തിൽ വരുമാന നഷ്ടത്തിന് കാരണമാകുന്നു.

2024-25വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ RP-40(A), RP-40(B) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇ-പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-67374417908) 01.04.2024ന് 14,78,687/- രൂപ മുൻബാക്കിയും 31.3.2025ന് 1,16,05,850/- രൂപ നീക്കിയിരിപ്പും ഉണ്ട്. (31.03.2025ലെ പാസ്ബുക്ക് ബാലൻസ് 1,13,55,502/- രൂപ) .

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 46/30.8.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളിൽ, കറന്റ് അക്കൗണ്ടിൽ തന്നെ തുക നിലനിർത്തണമെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലാത്തവ പ്രത്യേകം എ.സി.ആർ സൂക്ഷിച്ച് സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഓഡിറ്റ് വർഷം ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയത് സംബന്ധിച്ച വിവരങ്ങൾ

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റെഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 18 | 95000 | 95000 | ബാധകമല്ല | അടവാക്കിയിട്ടുണ്ട് |

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/2022 മുതൽ അല്ലെങ്കിൽ07/2023മുതലുള്ള കുടിശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | - |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024-ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/2022 മുതൽ കുടിശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 0 | 0 | 0 | 0 | - |

4. <u>മെഡിസെപ്പ് പ്രീമിയം ഒടുക്ക്(01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ</u>

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/2022 മുതൽ അല്ലെങ്കിൽ07/2024മുതലുള്ള കുടിശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 0 | 0 | 0 | 0 | - |

(ഓഡിറ്റ് എൻക്വയറി നം.02/20.08.2025)

## <u>4-2 വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റ വിവരം</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 2024-25 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## <u>4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 4200 | സമഗ്ര നെൽക്കൃഷി വികസനം (309/25) | 4200 | 0 |
| | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ (10/25) | 350000 | 0 |
| | 173278 | ക്ഷീര കർഷകർക്ക് പാലിന് സബ് സിഡി (349/25) | 173278 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 753950 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ (10/25) | 753950 | 0 |
| | 722347 | സമഗ്ര നെൽക്കൃഷി വികസനം (19/25) | 722347 | 0 |
| | 150000 | ക്ഷീര കർഷകർക്ക് പാലിന് സബ് സിഡി (349/25) | 150000 | 0 |
| | 8500 | സമഗ്ര നെൽക്കൃഷി വികസനം (309/25) | 8500 | 0 |
| | 365184 | 61/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ (321/25) | 365184 | 0 |
| | 147168 | ക്ഷീര കർഷകർക്ക് പാലിന് സബ് സിഡി (349/25) | 147168 | 0 |

## <u>4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| K.S.E.B | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ റോഡിൽ അപകടകരമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ S0033/2025 | 22400872/01-03-2025 : 1,53,511<br>22401084/31-03-2025 : 1,63,817<br>22401106/31-03-2025 : 46,396<br>22401110/31-03-2025 : 56,483 | 4,20,207 | 0 | ഇല്ല | 4,20,207 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | LIFE | - | 6803011 | 31864465 | 3523815 | NIL | 35227110 |

## 4-7 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4293079 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 4293079 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4293079 |

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 39 | 2003-04 | പൊതുപരാമർശങ്ങൾ | അങ്ങാടിപ്പുറം - പരിയാപുരം റോഡ് പ്രവൃത്തി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2006-07 | 3(22)(1),(2),(3),(4),3(11) | 2009-10 | പൊതുപരാമർശങ്ങൾ | ഡെപ്പോസിറ്റ്പ്രവൃത്തികൾ പൂർത്തിയാക്കാത്തത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| -- | -- | 2014-15 | -- | പ്രവർത്തനാവലോകനം (മൃഗസംരക്ഷണവും ക്ഷീരവികസനവും) | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2019-20 | 1-15 | 2020-21 | അനുബന്ധം 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-10 ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ

| ക്രമ നം | സ്ഥാപനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | അങ്ങാടിപ്പുറം ഗ്രാ.പ | 1999-00 | 41,45,46 | ശ്രീ.മോഹനൻ നമ്പൂതിരി, സെക്രട്ടറി | LF 15379/ Sp.Cell-/SC-5/2004/7.7.2008 | 87569 | | 57569+ Int | O.P/218/2008 Allowed 18.7.17 |
| 2 | | 1997-98 | 51 | ശ്രീ.എൻ.വി സദാനന്ദൻ – കൃഷി ഓഫീസർ | LF 6500/ Sp.Cell/SC-5/2005/ 10.11.2004 | 5000 | | 5000 | നടപടി സ്വീകരിച്ചിട്ടില്ല |
| 3 | | 1997-98 | 43 | ശ്രി.ബാബു നന്ദകുമാർ ഓവർസീയർ | LF 6500/ Sp.Cell/SC-5 /2005/21.3.2006 | 8497 | | 8497 | രശീതിനം-118060104637 /30.7.2018 പ്രകാരം അടവാക്കിയിട്ടുണ്ട് |
| 4 | | 1997-98 | 39(1) 40(2) 42 | ശ്രിമതി .ലീലാവതി ഓവർസീയർ | LF 6500/ Sp.Cell/SC-5 /2005/ 21.3.2006 | 22389 | | | നടപടി സ്വീകരിച്ചിട്ടില്ല |
| 5 | | 1997-98 | 37 | ശ്രി.ഗോപാലകൃഷ്ണൻ സെക്രട്ടറി | LF 6500/ Sp.Cell/SC-5 /2005/ 10.11.2004 | 3778 | | 3778 | നടപടി സ്വീകരിച്ചിട്ടില്ല |
| 6 | | 1996-97 | 40(1)(2)(3) | ശ്രീമതി.പി.ലത | LF 22507/ Sp.Cell/SC-1/ 1999/ 18.10.2001 | 11036 | | 11036 | നടപടി സ്വീകരിച്ചിട്ടില്ല |
| 7 | | 1996-97 | 41 | ശ്രി.വി.ഗോപാലകൃഷ്ണൻ | LF 22507/ Sp.Cell/SC-1/ 1999/18.10.2001 | 997 | | 997 | നടപടി സ്വീകരിച്ചിട്ടില്ല |
| 8 | | 1996-97 | 42 | ശ്രി.കുഞ്ഞിമുഹമ്മദ് | LF 22507/ Sp.Cell/SC-1/ 1999/18.10.2001 | 5320 | 4020 | 1300 | രശീതി നം -44772/72/8.1.2004 പ്രകാരം 4020 അടവാക്കി |
| 9 | | 1996-97 | 35(3) മുതൽ (9) വരെ | ശ്രീ.സി.വി ഗോപാലകൃഷ്ണൻ | LF 22507/ Sp.Cell/SC-1/ 1999/16.8.2001 | 3871 | | 3871 | നടപടി സ്വീകരിച്ചിട്ടില്ല |
| 10 | | 1996-97 | 36(1) 37 38 | ശ്രീ.കുഞ്ഞിമുഹമ്മദ് | LF 22507/ Sp.Cell/SC-1/ 1999/18.10.2001 | 100 | | 100 | നടപടി സ്വീകരിച്ചിട്ടില്ല |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 11 | | 1997-98 | 33(1) | ശ്രീ.വി. ഗോപാലകൃഷ്ണൻ | LF 6500/ Sp.Cell/SC-5/ 03/24.7.2014 | 990 | | 990 | നടപടി സ്വീകരിച്ചിട്ടില്ല |

## 4-11 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 286036073.86 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 145558904 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,18,691 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 1200000 | ശ്രീമതി ഫരീദ ഹെഡ്മിസ്ട്രസ് |
| 1-30 | 11,98,484 | 11,78,484 -ശ്രീ. സുഹാസ് ലാൽ എസ്, സെക്രട്ടറി<br>20,000 – ശ്രീ അജയകുമാർ സി കെ, സെക്രട്ടറി |
| 1-34 | 4,20,207 | ശ്രീ. സുഹാസ് ലാൽ എസ്, സെക്രട്ടറി |
| ആകെ | 2818691 | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.എം.പി.എം.27/2119/22 തി.3.10.22 | 6 |
| 1997-98 | കെ.എസ്.എ.എം.പി.എം.27/2119/22 (1) തി.3.10.22 | 8 |
| 1998-99 | കെ.എസ്.എ.എം.പി.എം.27/2119/22 (2) തി.3.10.22 | 2 |
| 1999-00 | കെ.എസ്.എ.എം.പി.എം.27/2119/22 (3) തി.3.10.22 | 12 |
| 2000-01 | കെ.എസ്.എ.എം.പി.എം.27/2119/22 (4) തി.3.10.22 | 9 |
| 2001-02 | എൽ.എഫ്.എം.12/1256/09തി.18.9.10 | 4 |
| 2002-03 | എൽ.എഫ്.എം.12/1257/09തി.18.9.10 | 4 |
| 2003-04 | എൽ.എഫ്.എം.12/1258/09തി.18.9.10 | 9 |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ.എം.പി.എം.27/25/2009 തി. 20.04.2023 | 11 |
| 2005-06 | കെ.എസ്.എ.എം.പി.എം.27/1150/2009 തി. 20.04.2023 | 19 |
| 2006-07 | കെ.എസ്.എ.എം.പി.എം.27/1151/2009 തി. 20.04.2023 | 23 |
| 2007-08 | കെ.എസ്.എ.എം.പി.എം.27/1152/2009 തി. 20.04.2023 | 27 |
| 2008-09 | കെ.എസ്.എ.എം.പി.എം.27/921/2012 തി. 20.04.2023 | 24 |
| 2009-10 | കെ.എസ്.എ.എം.പി.എം.27/922/2012 തി. 20.04.2023 | 28 |
| 2010-11 | കെ.എസ്.എ.എം.പി.എം.27/1137/2012 തി. 20.04.2023 | 15 |
| 11-12,12-13 | കെ.എസ്.എ.എം.പി.എം.27/2119/22 (5) തി.3.10.22 | 17 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.27/2119/22 (6) തി.31.10.22 | 29 |
| 2015-16 | കെ.എസ്.എ.എം.പി.എം27/2765/16 , തി.10.04.2023 | 10 |
| 2016-17 | കെ.എസ്.എ.എം.പി.എം27/2199/2017 തി.11.4.2023 | 14 |
| 2017-18 | കെ.എസ്.എ.എം.പി.എം27/1949/2018 തി.03.04.2023 | 11 |
| 2018-19 | കെ.എസ്.എ.എം.പി.എം27/375/2020 തി.11.04.2023 | 29 |
| 2019-20 | കെ.എസ്.എ.എം.പി.എം27/1223/2021, തി. 09.5.22 | 7 |
| 2020-21 | കെ.എസ്.എ.എം.പി.എം27/1224/2021, തി.09.05.2022 | 20 |
| 2021-22 | കെ.എസ്.എ.എം.പി.എം27/2582/2022, തി.03.07.2023 | 30 |
| 2022-23 | കെ.എസ്.എ.എം.പി.എം27/2030/2023, തി.16.03.2024 | 22 |
| 2023-24 | കെ.എസ്.എ.എം.പി.എം27/1423/2024, തി.02.02.2024 | 41 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 14-07-2025 and submitted on 22-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Angadippuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Angadippuram Grama Panchayat as on 31-03-2025

**Date: 05/11/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Angadippuram Grama Panchayat for the Year 2024-2025.

### 1.Major Observations

Nil

### 2.Other Observations

1.The following mandatory financial statements prescribed in accounting rules are not submitted for auditing.

i. Ratios
ii. Notes on accounts
iii. Comparative amounts

2. Lapses in making timely demand entries in respect of tax and non-tax revenue.
3. Bank reconciliation statements are not attested by secretary.

4. The details entered in the deposit register and the annual accounts do not match.
5.Negative figures are recorded in the annual accounts under the head cash balance and expense under the head Land for the waste processing plant.
6. Certain figures in the annual financial statement are not recorded in whole numbers in accordance with accounting rules.
7. Amounts in category "directly debited by bank" is not accounted properly and remained in reconcilation statement as unreconciled.
8. Amounts in category "Cheque deposited but not cleared" remained in reconcilation statement as unreconciled.
9. Amounts in category "directly credited by bank" is not accounted properly and remained in reconcilation statement as unreconciled.
10. Extra ordinary items were added to reconcile the 'passbook' and 'bank book' in the reconciliation statement.
11. Cheques issued by the institution for more than 3 months old are not transferred to the Stale Cheque Account.
12. Bank statements not produced for verification.(Kerala Gramin bank 40384101000609, Canara bank 110058111668, HDFC 50200085207846, LGTSB 799013000001148)

13. The following registers are not up to date and are not reliable for auditing

i. Advance register
ii. Loan register
iii. Deposit register
iv. Permit register
v. Asset register (Sachithra)

14. Payment made for executing as deposit work was not booked in the respective capital head.
15. The accuracy of the amounts booked as liabilities under B-4 schedule could not be ensured.
16. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

17. Amounts distributed under social security pension are not included in the annual accounts.
18.Worksheet for the calculation of depreciation for fixed assets was not produced for auditing.
19. Non production of share certificate for physical verification.
20. Large amount was kept as balance in the liability head "320800101 - Beneficiary Contributions" without making journal entries when expenditure was made from this head.

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്